# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ /കെ.എൻ.ആർ /
സി.13/619/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 30/06/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-1,1-5,1-12,1-17,1-18,1-19,1-20,1-35 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ /കെ.എൻ.ആർ / തീയ്യതി: 30/06/2021
സി.13/619/2021

## കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2020 മുതൽ 16-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി.സി.ആർ | ഡെപ്യൂട്ടി ഡയരക്ടർ | 17-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുരേഷ് ബാബു.കെ.വി ,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്),
ഷഹീൻ.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ഗണേശൻ കേളോത്ത്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,,

അനു അബ്രഹാം,ഓഡിറ്റർ,
ധന്യ.എം,ഓഡിറ്റർ,.

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി .എം .മൈമൂനത്ത് | പ്രസിഡന്റ് | 01-04-2019 | 29-02-2020 |
| ശ്രീമതി സാലി നടുപ്പറമ്പിൽ | പ്രസിഡന്റ് | 01-03-2020 | 31-03-2020 |
| ശ്രീ.കെ.വി ഹരിദാസ് | സെക്രട്ടറി | 01-04-2019 | 28-07-2019 |
| ശ്രീ.ഉമ്മർ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-07-2019 | 28-08-2019 |
| ശ്രീ.കെ.വി ഹരിദാസ് | സെക്രട്ടറി | 29-08-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.കെ.വി ഹരിദാസ് | സെക്രട്ടറി |
| ശ്രീ.ഉമ്മർ.പി | സെക്രട്ടറി-ഇൻ ചാർജ് |
| ശ്രീ.കെ.വി ഹരിദാസ് | സെക്രട്ടറി |
| ശ്രീ.ഗണേശൻ.എം.ടി | അസിസ്റ്റന്റ് എൻജിനീയർ |
| ശ്രീമതി.നിഷ ജോസ് | കൃഷി ഓഫീസർ |
| ശ്രീ. ജയപ്രകാശ്.പി.കെ | വി ഇ ഒ ,കൂവേരി സർക്കിൾ |
| ശ്രീ.ജയപ്രകാശ്.പി.കെ | വി ഇ ഒ ,തടിക്കടവ് സർക്കിൾ(അഡിഷണൽ ചാർജ്) |
| ശ്രീമതി.ദിവ്യ.ടി.വി | വി ഇ ഒ ,തടിക്കടവ് സർക്കിൾ |
| ശ്രീ.ജയപ്രകാശ്.പി.കെ | വി ഇ ഒ ,തടിക്കടവ് സർക്കിൾ(അഡിഷണൽ ചാർജ്) |
| ശ്രീമതി.ഹസീന.വി | ഐ സി ഡി എസ് സൂപ്പർവൈസർ |

| | | |
|---|---|---|
| ഡോ:അരുൺ ശങ്കർ.യു | മെഡിക്കൽ ഓഫീസർ,പി എച്ച് സി,ചപ്പാരപ്പടവ് | |
| ഡോ:പ്രീത.പി.വി | മെഡിക്കൽ ഓഫീസർ,ആയുർവേദം | |
| ഡോ:അനുപമ.കെ.എൻ | മെഡിക്കൽ ഓഫീസർ,ആയുർവേദം | |
| ഡോ:സമീർ.കെ | വെറ്ററിനറി സർജ്ജൻ | |
| ശ്രീ.ജനാർദ്ദനൻ.എം.വി | ഹെഡ്മാസ്റ്റർ,ജി.എൽ.പി.എസ്,പടപ്പേങ്ങാട് | |
| ശ്രീമതി.ദീപ ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | |
| ശ്രീ.ഉമ്മർ.പി | അസിസ്റ്റന്റ് സെക്രട്ടറി | |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 26-06-2021) | 1-1 |
| 2 | ബജറ്റ് തയ്യാറാക്കലും നടപടിക്രമങ്ങളും<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 30-06-2021) | 1-1-1 |
| 3 | കരട് ബജറ്റ് നിർദ്ദേശങ്ങൾ വിശകലനം ചെയ്യാതെയും ഭേദഗതികൾ ഉൾപ്പെടുത്താതെയും ബജറ്റ് അവതരിപ്പിച്ച ദിവസം തന്നെ ഭരണസമിതി അംഗീകരിച്ചത് ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധം<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 26-06-2021) | 1-1-2 |
| 4 | ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 26-06-2021) | 1-1-3 |
| 5 | അധികവിഭവസമാഹരണം ലക്ഷ്യമിട്ട് കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 26-06-2021) | 1-1-4 |
| 6 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 29-06-2021) | 1-1-5 |
| 7 | വാർഷികധനകാര്യപത്രിക<br>Written By: Ganesan Keloth (Asst. Audit Officer, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 27-06-2021) | 1-2 |
| 8 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Ganesan Keloth (Asst. Audit Officer, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-2-1 |
| 9 | സാമ്പത്തികവിശകലനം<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-3 |
| 10 | ഫണ്ട് വിനിയോഗം<br>Written By: Ganesan Keloth (Asst. Audit Officer, On 26-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 29-06-2021) | 1-4 |
| 11 | പദ്ധതി അവലോകനം<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-06-2021) | 1-5 |
| 12 | നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 29-06-2021) | 1-5-1 |
| 13 | വികസനഫണ്ട് വിനിയോഗിക്കുന്നതിലെ കാര്യക്ഷമതക്കുറവ്- ഗ്രാമപഞ്ചായത്തിന് 2.80 കോടി | 1-5-2 |

| | | |
|---|---|---|
| | രൂപ നഷ്ടപ്പെട്ടു.<br>Written By: Suresh Babu KV (Audit Officer, On 27-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | |
| 14 | ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിലെ വീഴ്ച<br>Written By: Suresh Babu KV (Audit Officer, On 27-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 29-06-2021) | 1-5-3 |
| 15 | വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിർവ്വഹിക്കുന്നതിലെ കാര്യക്ഷമത<br>Written By: Suresh Babu KV (Audit Officer, On 27-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 30-06-2021) | 1-5-4 |
| 16 | സമയബന്ധിതമായി നിർവ്വഹണം നടത്തേണ്ടതാണ്.<br>Written By: Suresh Babu KV (Audit Officer, On 27-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 29-06-2021) | 1-5-5 |
| 17 | മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല<br>Written By: Suresh Babu KV (Audit Officer, On 27-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 29-06-2021) | 1-5-6 |
| 18 | എം.ജി.എൻ.ആർ. ഇ.ജി.എസ്. പ്രവർത്തികൾ അവലോകനം<br>Written By: Shaheen.P (Asst. Audit Officer, On 26-06-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 28-06-2021) | 1-6 |
| 19 | ക്ഷേമപദ്ധതികൾ<br>Written By: Dhanya M (Auditor, On 26-06-2021)<br>Last Updated By: Dhanya M (Auditor, On 29-06-2021) | 1-7 |
| 20 | ക്ഷേമ പെൻഷൻ വിതരണം - അപാകങ്ങൾ<br>Written By: Dhanya M (Auditor, On 26-06-2021)<br>Last Updated By: Dhanya M (Auditor, On 29-06-2021) | 1-7-1 |
| 21 | ഡയരക്ട് ടു ഹോം സംവിധാനം വഴി പെൻഷൻ നൽകിവരുന്ന ഗുണഭോക്താവിന് മരണശേഷവും പെൻഷൻ നൽകി<br>Written By: Dhanya M (Auditor, On 26-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 29-06-2021) | 1-7-2 |
| 22 | കാഷ് പരിശോധന<br>Written By: Anu Abraham (Auditor, On 26-06-2021)<br>Last Updated By: Anu Abraham (Auditor, On 26-06-2021) | 1-8 |
| 23 | ആഭ്യന്തരനിയന്ത്രണം<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 29-06-2021) | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-06-2021) | 1-10 |
| 25 | ഗ്രാമസഭ<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 28-06-2021) | 1-11 |
| 26 | സർക്കാർ അനുവദിച്ച പൊതു ആവശ്യഫണ്ട്,റവന്യു കലക്ഷൻ ഇൻസെന്റീവ് എന്നിവ ട്രഷറിയിൽ നിന്നും പാസ്സാക്കിയെടുക്കുവാൻ സാധിച്ചില്ല-ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിന് 1484147 രൂപയുടെ വരുമാനനഷ്ടം.<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 30-06-2021) | 1-12 |
| 27 | എഫ്.റ്റി.ഇ. & ഒ.എസ്. ലൈസൻസ് അപാകങ്ങൾ<br>Written By: Anu Abraham (Auditor, On 26-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 29-06-2021) | 1-13 |

| | | |
|---|---|---|
| 28 | എഫ്.ടി.ഇ.& ഓ.എസ് ലൈസൻസ് എടുത്ത സ്ഥാപനത്തിന് പാർപ്പിടാവശ്യത്തിനുള്ള ഉപയോഗഗണത്തിൽ വസ്തുനികുതി ഈടാക്കുന്നു.<br>Written By: Anu Abraham (Auditor, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-06-2021) | 1-14 |
| 29 | ഇ-ടെണ്ടർ വഴി നടപ്പാക്കിയ പ്രവൃത്തികൾ - ടെണ്ടർഫാറം വിലപഞ്ചായത്തിൽ വരവുവന്നിട്ടില്ല.<br>Written By: Shaheen.P (Asst. Audit Officer, On 26-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 29-06-2021) | 1-15 |
| 30 | വാടക ബൈലോ തയ്യാറാക്കിയിട്ടില്ല.<br>Written By: Anu Abraham (Auditor, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 30-06-2021) | 1-16 |
| 31 | വരൾച്ചാദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ള കിയോസ്കുകളിലേക്ക് കുടിവെള്ള വിതരണം-ജി പി എസ് ട്രാക്കിംഗ് റിപ്പോർട്ട് ലഭിക്കാതെ കരാറുകാരന് തുക നൽകിയത് ക്രമപ്രകാരമല്ല. 1,43,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-06-2021) | 1-17 |
| 32 | സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ-കരാറുകാരന് അധിക തുക നൽകി<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 30-06-2021) | 1-18 |
| 33 | മഹാത്മാഗാന്ധിദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി -അക്രഡിറ്റഡ് എൻജിനീയർക്ക് 2019-2020 സാമ്പത്തികവർഷത്തിൽ രണ്ട് പ്രാവശ്യം ആർജ്ജിതാവധി സറണ്ടർ അനുവദിച്ചത് ക്രമപ്രകാരമല്ല.13,375 രൂപയുടെ അധികചെലവ്.<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-06-2021) | 1-19 |
| 34 | കുടുംബശ്രീ സ്വയം തൊഴിൽ സംരംഭ കെട്ടിടം പ്രവർത്തനം ആരംഭിച്ചിട്ടില്ല<br>Written By: Shaheen.P (Asst. Audit Officer, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-20 |
| 35 | മുദ്രപത്രം വാങ്ങിയ തീയതിക്ക് മുന്നേയുള്ള തീയതിയിൽ കരാർചമച്ചു. സമയബന്ധിതമായി കരാർ ചമക്കാത്തതിന് പിഴ ഈടാക്കാൻ സാധിച്ചിട്ടില്ല.<br>Written By: Shaheen.P (Asst. Audit Officer, On 26-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 29-06-2021) | 1-21 |
| 36 | മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്-കൃത്യത ഉറപ്പാക്കുന്നില്ല<br>Written By: Shaheen.P (Asst. Audit Officer, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 26-06-2021) | 1-22 |
| 37 | പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ കരാർദീർഘീകരിക്കുന്നു<br>Written By: Shaheen.P (Asst. Audit Officer, On 26-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 29-06-2021) | 1-23 |
| 38 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ-മോണിറ്ററിംഗ് ഘട്ടങ്ങൾ കാര്യക്ഷമമാക്കണം | 1-24 |

| | | |
|---|---|---|
| | Written By: Shaheen.P (Asst. Audit Officer, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | |
| 39 | കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Ganesan Keloth (Asst. Audit Officer, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-25 |
| 40 | സമയബന്ധിതമായി മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Ganesan Keloth (Asst. Audit Officer, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-26 |
| 41 | ആശ്രയ-അഗതി രഹിത കേരളം പദ്ധതി -കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Ganesan Keloth (Asst. Audit Officer, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-27 |
| 42 | ഫർണ്ണിച്ചർ വിതരണം-സ്കൂളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല - 219000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Ganesan Keloth (Asst. Audit Officer, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-28 |
| 43 | സമൃദ്ധി - വായ്പാതിരിച്ചടവ്- മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്.<br>Written By: Dhanya M (Auditor, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-29 |
| 44 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- അക്കൗണ്ടിൽ നിഷ്ക്രിയമായിക്കിടന്നിരുന്ന തുകകൾ തിരിച്ചടച്ചത് -സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: Dhanya M (Auditor, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 30-06-2021) | 1-30 |
| 45 | അജൈവമാലിന്യപരിപാലനം പദ്ധതി-ചെലവ് രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല<br>Written By: Dhanya M (Auditor, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 30-06-2021) | 1-31 |
| 46 | ലൈഫ് ഭവനപദ്ധതി -സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Dhanya M (Auditor, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-06-2021) | 1-32 |
| 47 | അംഗൻവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വികരിക്കേണ്ടതാണ്.<br>Written By: Dhanya M (Auditor, On 26-06-2021)<br>Last Updated By: Dhanya M (Auditor, On 29-06-2021) | 1-33 |
| 48 | പഠനമുറി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.ചെലവ് തുക 150000 രൂപ തടസപ്പെടുത്തുന്നു.<br>Written By: Ganesan Keloth (Asst. Audit Officer, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-34 |
| 49 | ആസ്തി പരിപാലനത്തിലെ വീഴ്ചകൾ<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-06-2021) | 1-35 |
| 50 | അഗ്രോക്ലിനിക്ക് കെട്ടിടങ്ങൾ കാർഷികമേഖലയിലെ ആവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 30-06-2021) | 1-35-1 |

| | | |
|---|---|---|
| 51 | പുഴപുറമ്പോക്ക് അളന്ന് രേഖപ്പെടുത്തി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 30-06-2021) | 1-35-2 |
| 52 | ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 28-06-2021) | 1-35-3 |
| 53 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-06-2021) | 1-35-4 |
| 54 | കുടുബശ്രീ സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് (എസ്.സി.എ) ഫണ്ട് )-വിനിയോഗിക്കാതെ മുടങ്ങിക്കിടക്കുന്ന പണം 2,68,354/- രൂപ.<br>Written By: Suresh Babu KV (Audit Officer, On 27-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 29-06-2021) | 1-36 |
| 55 | പ്രസിഡണ്ടിന്റെ ദുരിതാശ്വാസനിധി-ഫണ്ട് സ്വരൂപിക്കുന്നതിലും ചെലവഴിക്കുന്നതിലും കാര്യക്ഷമതയില്ല.<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 28-06-2021) | 1-37 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 28-06-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 26-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 26-06-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-06-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 26-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 26-06-2021) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 28-06-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Suresh Babu KV (Audit Officer, On 26-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Suresh Babu KV (Audit Officer, On 27-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Suresh Babu KV (Audit Officer, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മന്റ് | |
| 3 | ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## 1-1 ബജറ്റ്

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ബജറ്റ് തയ്യാറാക്കുന്നതിൽ ബജറ്റ് മാന്വൽ പ്രകാരമുള്ള സമയക്രമവും നടപടിക്രമങ്ങളും പാലിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു.

### 1-1-1 ബജറ്റ് തയ്യാറാക്കലും നടപടിക്രമങ്ങളും

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 21-02-2019 തീയതിയിലെ യോഗത്തിൽ അവതരിപ്പിച്ച 2019-20 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് നിർദ്ദേശങ്ങൾ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 25.02.19 തീയതിയിലെ 28/19 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയുണ്ടായി. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 8643908 |
| വരവ് | 151110561 |
| ആകെ | 159754469 |
| ചെലവ് | 149991391 |
| നീക്കിയിരിപ്പ് | 9763078 |

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 10.03.2020 ലെ യോഗതീരുമാനത്തിൽ ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ ഉൾപ്പെടുന്നുണ്ടെങ്കിലും ഭരണസമിതി അംഗീകാരം നൽകി മിനുട്സിൽ തീരുമാനം രേഖപ്പെടുത്തിയിട്ടില്ല.

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങളിൽ വീഴ്ച വരുത്തിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നടപടിക്രമങ്ങൾ | സമയം | സ്ഥിതിവിവരം |
|---|---|---|
| വിവിധ സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടത് | ഡിസംബർ 15-ന് മുൻപ് | വിളിച്ച് ചേർത്തതായി കാണുന്നില്ല. |
| സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടത് | ജനവരി 15-ന് മുൻപ് | ബജറ്റ് രേഖകളായി സൂക്ഷിച്ചിട്ടില്ല. |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനവരി 22-ന് മുൻപ് | ചർച്ച നടന്നതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുൻപ് | ബജറ്റ് രേഖകളായി സൂക്ഷിച്ചിട്ടില്ല. |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ | മാർച്ച് 1-ന് മുൻപ് | 21-02-2019 ന് തയ്യാറാക്കിയത് ബജറ്റ് രേഖകളായി സൂക്ഷിച്ചിട്ടില്ല. |

| | | |
|---|---|---|
| സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | | |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7-ന് മുൻപ് | 25-02-2019 -ന് നടന്ന സാധാരണ യോഗത്തിൽ ബജറ്റ് അവതരിപ്പിച്ചു |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31-ന് മുൻപ് | 25-02-2019-ന് നടന്ന സാധാരണ യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. |

## 1-1-2 കരട് ബജറ്റ് നിർദ്ദേശങ്ങൾ വിശകലനം ചെയ്യാതെയും ഭേദഗതികൾ ഉൾപ്പെടുത്താതെയും ബജറ്റ് അവതരിപ്പിച്ച ദിവസം തന്നെ ഭരണസമിതി അംഗീകരിച്ചത് ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതിയുടെ 25-02-2019 തീയതിയിലെ യോഗത്തിൽ 2019-20 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ ഭരണസമിതിയുടെ 28/2019 നമ്പർ തീരുമാനപ്രകാരം വാർഷിക ബജറ്റ് നിർദ്ദേശങ്ങൾ മാറ്റങ്ങളൊന്നുമില്ലാതെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി കരട് ബജറ്റ് തയ്യാറാക്കി ഭരണസമിതിയിൽ അവതരിപ്പിച്ച ദിവസം തന്നെയാണ് ബജറ്റ് പാസ്സാക്കിയത്.കരട് ബജറ്റ് നിർദ്ദേശങ്ങൾ ഭരണസമിതിയുടെ വിശകലനത്തിനോ പരിശോധനക്കോ വിധേയമാക്കാതെയാണ് ബജറ്റ് പാസ്സാക്കിയതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകയോഗത്തിൽ അവതരിപ്പിക്കുന്ന ബജറ്റ് വിശദമായ ചർച്ചകൾക്ക് ശേഷം മറ്റൊരു പ്രത്യേകയോഗത്തിൽ അംഗീകരിക്കുവാനും പാസാക്കുവാനുമാണ് ബജറ്റ് മാന്വലിലെ നിർദ്ദേശം. കരട് ബജറ്റ് ചർച്ചകൾക്ക് വിധേയമാക്കാതെയും യാതൊരു ഭേദഗതികൾ നിർദ്ദേശിക്കാതെയും അവതരിപ്പിച്ച ദിവസം തന്നെ ബജറ്റ് പാസാക്കിയത് ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

## 1-1-3 ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2019-2020 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

## 1-1-4 അധികവിഭവസമാഹരണം ലക്ഷ്യമിട്ട് കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നില്ല.

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തലവികസനത്തിനും സാമ്പത്തിക സുസ്ഥിരതക്കും നികുതിയേതരവർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ,ചാർജ്ജുകൾ എന്നിവ 01-04-2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ (അച്ചടി) 28/2019 ധന.തീയതി 08-03-2019 പ്രകാരം

ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവനനിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ ബജറ്റിൽ പ്രസ്തുതനിർദ്ദേശം ഉൾപ്പെടുത്തുകയോ സേവനനിരക്കുകളിൽ വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടില്ല.തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിൽ സർക്കാരിന്റെ തനത് വരുമാനവർദ്ധനവിനുള്ള ഇത്തരം ഉത്തരവുകൾ നടപ്പിലാക്കി വരുമാനവർദ്ധനവിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.ഓരോ സാമ്പത്തികവർഷത്തിലും തനത് വരുമാനവർദ്ധനവിന് സർക്കാർ അനുമതി നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ അതാത് പ്രാദേശിക സർക്കാരുകളും ഇത്തരം നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-1-5 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3.എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

4.തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

5.കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള അധികവിഭവസമാഹരണത്തിനുള്ള സർക്കാർ ഉത്തരവുകൾ തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.20 | 09.06.20 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

1.ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ ഷെഡ്യൂൾ 6 ലെ തുക(104309942) മുഴുവനായും ബന്ധപ്പെട്ട സ്റ്റേറ്റ്മെന്റിലെ സംക്ഷിപ്തത്തിൽ(103005883) ഉൾപ്പെട്ടിട്ടില്ല.

2.26/07/2011-ലെ ജി.ഒ.(എം.എസ്)152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയാക്കി ആസ്തി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ആസ്തിമൂല്യം നിശ്ചിത സാംഖ്യ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

4.പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യത്തിന്റെ (Land) അക്കൗണ്ടിങ്ങ് ചെയ്തിട്ടില്ല.

5.വസ്തുനികുതി വിവിധ ശീർഷകങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി. പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

6 പിരിഞ്ഞ് കിട്ടാനുള്ള തുകയ്ക്ക് കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ പ്രൊവിഷൻ നൽകിയിട്ടില്ല.

7.ഭവനപദ്ധതിക്ക് വേണ്ടി 2019-20 വർഷത്തിൽ വായ്പതിരിച്ചടവ് ഇനത്തിൽ 04.09.2019 തീയതിയിൽ 297980 രൂപയും 16.09.2019 തീയതിയിൽ 81945 രൂപയും ഉൾപ്പെടെ ആകെ 379925 രൂപ വാർഷിക ധനകാര്യപത്രിക ബി-5 Secured Loan From Co-Operative Banks എന്ന ശീർഷകത്തിൽ നിന്നും കുറവ് വരുത്താതെ ബാധ്യതയായി തന്നെ ഉൾപ്പെടുത്തിയിരിക്കുന്നു.

8. കെ യു ആർ ഡി എഫ് സി ലൈഫ് ഭവന വായ്പ രജിസ്റ്ററിലെ തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.2019-20 വർഷം വായ്പ തിരിച്ചടവ് ഇനത്തിൽ 617647 രൂപ ഒടുക്കിയിട്ടുണ്ടെങ്കിലും ആയത് വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് ബി –5 ഷെഡ്യൂളിലും ബി-16 ഷെഡ്യൂളിലും പ്രതിഫലിച്ചിട്ടില്ല.ബാലൻസ് ഷീറ്റിലെ ബി-5 ഷെഡ്യൂളും ബി-16 ഷെഡ്യൂളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

9.ദുരിതാശ്വാസനിധി വിവിധ ശീർഷകങ്ങളിലുള്ള മുന്നിരിപ്പ്,വരവ്, ചെലവ് നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് പാസ് ബുക്ക് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

10.ജില്ലാപഞ്ചായത്ത് വിവിധ ശീർഷകങ്ങളിലുള്ള മുന്നിരിപ്പ്, വരവ്,ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് ചെലവ് സ്റ്റേറ്റുമെന്റിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തികവിശകലനം

സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 37251373 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78176274 |
| ആകെ | 115427647 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78074852 |
| നീക്കിയിരിപ്പ് | 37352795 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30880 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 512500 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 16303846 | 16303846 | 16140642 | 163204 |
| വികസന ഫണ്ട്- | 0 | 2789294 | 2789294 | 1765126 | 1024168 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി | | | | | | |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 803294 | 803294 | 353306 | 449988 |
| മെയിന്റനൻസ്, റോഡ് | | 0 | 38742000 | 38742000 | 22753541 | 15988459 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 5148000 | 5148000 | 4255178 | 892822 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 13438313 | 13438313 | 3947137 | 9491176 |
| ബി.ഫണ്ട് | | 0 | 16877520 | 16877520 | 16877520 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 21810236 | 21810236 | 21810236 | 0 |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 3739 | 1472538 | 1476277 | 1468650 | 7627 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ഐ.സി.ഡി.എസ് | 394388 | 1062222 | 1456610 | 652695 | 803915 |
| | SSA | 30299 | 1231 | 31530 | 0 | 31530 |
| | Central Govt Grants-Solid Waste | 12697 | 0 | 12697 | 0 | 12697 |
| | Central Govt Grants-Local Area Developmnt | 5136 | 0 | 5136 | 0 | 5136 |
| | Fund For Transferred Institutions-Social Welfare -Capital | 44000 | 0 | 44000 | 0 | 44000 |
| | Fund For Transferred Institutions-Ayurveda-Capital | 11772 | 0 | 11772 | 0 | 11772 |
| | TSC | 900000 | 16000 | 916000 | 16000 | 900000 |
| | ശുചിത്വമിഷൻ | 953714 | 842000 | 1795714 | 914000 | 881714 |
| | State Sponsored Fund | 53490 | 0 | 53490 | 0 | 53490 |
| | State Sponsored Fund | 258480 | 0 | 258480 | 0 | 258480 |
| | State Sponsored | 7393 | 0 | 7393 | 0 | 7393 |

| | | | | | | |
|---|---|---|---|---|---|---|
| | Fund | | | | | |
| | Specific Purpose Fund | 465961 | 77155 | 543116 | 64063 | 479053 |
| ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1284113 | 1431000 | 2715113 | 1031559 | 1683554 |
| | ജില്ലാ പഞ്ചായത്ത് | 359985 | 1073373 | 1433358 | 1073373 | 359985 (വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.) |

2019-20 വർഷത്തെ ഗ്രാന്റ് വിനിയോഗപത്രിക ഐ.കെ.എം.തയ്യാറാക്കിയത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി വിനിയോഗവിവരങ്ങൾ പരിശോധന നടത്തി ബോധ്യപ്പെട്ടതിന് വിധേയമായി അനുബന്ധം 2 സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 275 | 126661910 | 150 | 58532398 | 116 | 9 | 150 | 54.54 |

## 1-5-1 നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

2019-20 സാമ്പത്തികവർഷത്തിൽ വിവിധ നിർഹണഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതി ചെലവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5 | 2627000 | 1867304 | 71 |
| വെറ്റിനറി സർജ്ജൻ | 8 | 6 | 3674500 | 1190264 | 32 |
| വി ഇ ഒ | 16 | 12 | 19836489 | 10032912 | 51 |
| മെഡിക്കൽ ഓഫീസർ,പി എച്ച് സി | 11 | 10 | 3553460 | 3080076 | 87 |
| മെഡിക്കൽ ഓഫീസർ,ആയുർവേദ | 1 | 1 | 300000 | 300000 | 100 |
| ഹെഡ്മാസ്റ്റർ | 7 | 4 | 1862500 | 1259770 | 68 |
| ഐസിഡിഎസ് സൂപ്പർവൈസർ | 7 | 3 | 4955737 | 2858732 | 58 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 1770000 | 405825 | 23 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 189 | 89 | 81764329 | 34557713 | 42 |
| സെക്രട്ടറി | 23 | 14 | 4961695 | 1999802 | 40 |
| ഡയറി ഫാം | 1 | 1 | 1356200 | 980000 | 72 |

| | | | | | |
|---|---|---|---|---|---|
| ഇൻസ്ട്രക്ടർ | | | | | |
| ആകെ | 275 | 150 | 126661910 | 58532398 | 46 |

## 1-5-2 വികസനഫണ്ട് വിനിയോഗിക്കുന്നതിലെ കാര്യക്ഷമതക്കുറവ്- ഗ്രാമപഞ്ചായത്തിന് 2.80 കോടി രൂപ നഷ്ടപ്പെട്ടു.

2019-2020 സാമ്പത്തികവർഷത്തിൽ 110 സ്പിൽ ഓവർ പ്രൊജക്ടുകളും 165 പുതിയ പ്രൊജക്ടുകളും ഉൾപ്പെടെ 275പ്രൊജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചതിൽ 150 പ്രൊജക്ടുകൾക്ക് തുക ചെലവഴിക്കുവാനാണ് സാധിച്ചത്.വിവിധ പദ്ധതികൾക്കായി 126661910 രൂപ വകയിരുത്തിയതിൽ 58532398/- രൂപ മാത്രമാണ്ചെലവഴിച്ചത്.വികസന ഫണ്ട്,മെയിന്റനൻസ് ഫണ്ട് ഇനത്തിൽ ലഭിച്ച തുകയുടെ ചെലവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വികസന ഫണ്ട് സ്രോതസ്സുകൾ | ലഭിച്ച തുക | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം- സാധാരണഫണ്ട് | 16303846 | 16140642 | 163204 | 99 |
| എസ്.സി.പി. | 2789294 | 1765126 | 1024168 | 63 |
| ടി.എസ്.പി | 803294 | 353306 | 449988 | 44 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 13438813 | 3947137 | 9491676 | 29 |
| മെയിന്റനൻസ് ഫണ്ട് ( റോഡ് ) | 38742000 | 22753541 | 15988459 | 59 |
| മെയിന്റനൻസ് ഫണ്ട് ( നോൺ റോഡ് ) | 5148000 | 4255178 | 892822 | 83 |
| ആകെ | 77225247 | 49214930 | 28010317 | 64 |

സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് ക്യാരിഓവർ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിക്കാത്ത തുക 2,80,10,317/- രൂപ നഷ്ടപ്പെട്ടിരിക്കുകയാണ്(സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018, പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 10 കാണുക). പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ പിഴവും മോണിറ്ററിംഗ് സംവിധാനം പ്രവർത്തിക്കാത്തതും നിർവ്വഹിക്കാൻ കഴിയുന്നതിലും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തതുമാണ് ഫണ്ട് നഷ്ടപ്പെടാനിടയാക്കിയത്. വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കുന്നുവെന്നും അതാത് വർഷം നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കുന്നുള്ളുവെന്നും പദ്ധതിയുടെ പുരോഗതി യഥാസമയം മോണിറ്ററിംഗ് ചെയ്യുന്നുവെന്നും പ്രവർത്തന കലണ്ടർ പ്രകാരം നിർവ്വഹണം പൂർത്തിയാക്കുന്നുവെന്നും ഭരണ സമിതി ഉറപ്പാക്കേണ്ടതാണ്. അതിനനുസൃതമായ മുന്നൊരുക്കങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും നടത്തേണ്ടതാണ്. പ്രോജക്ടുകളുടെ എണ്ണം കുറച്ച്, ഏറ്റെടുക്കുന്ന പദ്ധതികൾ മുഴുവൻ നടപ്പിലാക്കി പദ്ധതി ചെലവ് പരമാവധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-5-3 ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിലെ വീഴ്ച

സർക്കാരിന്റെ 09-01-2017 തീയതിയിലെ ജി.ഒ (എം.എസ് ) നം.10/2017 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിച്ച ആസൂത്രണസമിതി അംഗങ്ങൾ തന്നെയാണ് 2019-2020 സാമ്പത്തികവർഷത്തിലും തുടർന്നുവന്നിരുന്നത്.പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ 2018-19 മുതൽ 2021-22 വരെയുള്ള വാർഷികപദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സ.ഉ.(കൈ) നം.11/2018/ തസ്വഭവ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3-1-1 (ബി) യിൽ ആസൂത്രണ സമിതിയുടെ ചുമതലകൾ പരാമർശിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാസാഹിപ്പിക്കുക, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയെയും വർക്കിംഗ് ഗ്രൂപ്പുകളെയും സഹായിക്കുക, അധികവിഭവസമാഹരണസാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക,പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് നൽകുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക, സ്ഥാപനത്തിന്റെ പ്രാദേശികാസൂത്രണത്തിന് സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരെയും അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിന് സഹായിക്കുക തുടങ്ങിയവയാണ് ആസൂത്രണസമിതിയുടെ സുപ്രധാന ചുമതലകൾ . ആസൂത്രണ സമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ, 2019 – 20 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് രണ്ട് തവണ മാത്രമാണ് ആസൂത്രണസമിതി യോഗം ചേർന്നിട്ടുള്ളത്.

| | |
|---|---|
| 17/10/18 | 2019 – 20 വാർഷികപദ്ധതി രൂപീകരണം. |
| 23/10/18 | ഗ്രാമസഭയിലേക്കുള്ള കരട് നിർദ്ദേശങ്ങൾ |

2020-21 വാർഷികപദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് ചേർന്ന 19-12-2019 തീയതിയിലെ മിനുട്സ് എഴുതിയിട്ടില്ല.എന്നാൽ മേൽസൂചിപ്പിച്ച പ്രകാരമുള്ള സുപ്രധാന ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് ആസൂത്രണസമിതിക്ക് സാധിച്ചിട്ടില്ലെന്ന് പദ്ധതി അവലോകനം ചെയ്തതിൽ വ്യക്തമാകുന്നു.

## 1-5-4 വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിർവ്വഹിക്കുന്നതിലെ കാര്യക്ഷമത

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള അവസ്ഥാ രേഖ പരിഷ്കരിക്കുക, സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചനകൾ നടത്തുക, വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക, ക്ഷമതയുള്ളതും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതവുമായ പ്രോജക്ടുകൾ പൂർണ്ണമായും ചിട്ടയായും നിശ്ചിത ഫോറങ്ങളിൽ എഴുതി തയ്യാറാക്കുക, മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ. 2019-2020 വാർഷികപദ്ധതി രൂപീകരണത്തിന്റെ ഭാഗമായി രണ്ട് തവണയാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിരിക്കുന്നത്.പദ്ധതി രൂപീകരണം സംബന്ധിച്ച പ്രാരംഭയോഗം 17-10-2018 നും പിന്നീട് 03-12-2018 നും 26-12-19 നും വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുണ്ട്.വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ച് ചേർക്കൽ,മിനിട്ട്സ് രേഖപ്പെടുത്തൽ,മിനുട്സ് സൂക്ഷിക്കൽ,ചുമതല ഒഴിയുമ്പോൾ ബന്ധപ്പെട്ട രേഖകൾ കൃത്യമായി കൈമാറുക തുടങ്ങിയവ വർക്കിംഗ് ഗ്രൂപ്പ് കൺവീനറായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്റെ ചുമതലയാണ്.ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ മേൽസൂചിപ്പിച്ച ചുമതലകൾ വർക്കിംഗ് ഗ്രൂപ്പുകൾ പൂർണ്ണതോതിൽ നിർവ്വഹിച്ചതായി കാണുന്നില്ല.

## 1-5-5 സമയബന്ധിതമായി നിർവ്വഹണം നടത്തേണ്ടതാണ്.

ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും അതാത് മേഖലകളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ സഹകരണത്തോടെ ഒരു നിർവ്വഹണ പരിപാടി തയ്യാറാക്കണം. തുടർന്ന് എല്ലാ പ്രോജക്ടുകളുടെയും നിർവ്വഹണ പരിപാടികൾ തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ക്രോഡീകരിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ഒരു നിർവ്വഹണ പരിപാടി തയ്യാറാക്കണം. നിർവ്വഹണത്തിലെ ഓരോ ഘട്ടവും നിശ്ചിത സമയക്രമത്തിനുള്ളിൽ പൂർത്തിയാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും ഉറപ്പാക്കേണ്ടതാണ്. 2019 – 20 സാമ്പത്തിക വർഷത്തിലെ പദ്ധതിക്ക് 2018 ഡിസംബർ മാസം തന്നെ ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടും 150പദ്ധതികൾ മാത്രമാണ് പൂർത്തീകരിച്ച് ബിൽ മാറുന്നതിന് സാധിച്ചിട്ടുള്ളുവെന്നത് വ്യക്തമാക്കുന്നത് സമയബന്ധിതമായി നിർവഹണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തിൽ

നടന്നിട്ടില്ല എന്നതാണ് കാണിക്കുന്നത്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5-6 മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല

പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് കമ്മറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പുകൾ ഭരണ സമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള വിശദമായ മോണിറ്ററിംഗ് നടന്നതായി കാണുന്നില്ല.പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷം പ്രോജക്ട് നമ്പർ 1/20 ൽ ഉൾപ്പെടുത്തി 106342/-രൂപ ചെലവഴിച്ചെങ്കിലും മോണിറ്ററിങ്ങിനായി തുക ചെലവഴിച്ചതായി കാണുന്നില്ല. ഒരോ പദ്ധതിയുടെയും ഫയലിന്റെ കൂടെ വിശദമായ മോണിറ്ററിംഗ് നടത്തിയതുമായി ബന്ധപ്പെട്ട നിർദ്ദിഷ്ട ഫാറത്തിലുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയതായി കാണുന്നില്ല. പ്രോജക്ടുകളുടെ ഫലപ്രാപ്തി ഉറപ്പുവരുത്തുന്നതിന് കുറ്റമറ്റ മോണിട്ടറിംഗ് സംവിധാനം അനിവാര്യമാണ്.തുടർ വർഷങ്ങളിൽ മോണിട്ടറിംഗ് സംവിധാനം കർശനമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 എം.ജി.എൻ.ആർ. ഇ.ജി.എസ്. പ്രവർത്തികൾ അവലോകനം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3739 | 1472538 | 1476277 | 1468650 | 7627 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 21810236 | 21810236 | 21810236 | 0 |

2019- 2020 സാമ്പത്തിക വർഷത്തിൽ 1,296 കുടുംബങ്ങൾക്കായി 71,462 മനുഷ്യദിനങ്ങൾ തൊഴിൽ നൽകി. ആകെ 2,32,78,886/- രൂപയുടെ ചെലവ് ഭൂവികസനം, സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്കായാണ് മുഖ്യമായും വിനിയോഗിച്ചത്.

രേഖകളുടെ പരിശോധന-ഓഡിറ്റ് നിരീക്ഷണങ്ങൾ

1. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമെറ്റ് തയ്യാറാക്കുന്നു .
2. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.
3. നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥരിൽ നിന്നും /മേറ്റുമാരിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
4. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.
5. പ്രവൃത്തികളിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ ഇല്ല.
6. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.
7. പ്രവൃത്തിയുടെ ഫോട്ടോകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ, പ്രോജക്ട് യോഗങ്ങൾ നടത്തിയതിന്റെയും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും, പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നില്ല.
8. പ്രത്യേക സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനിട്ട്സ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.
9. വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇടപെടൽ പരിമിതമാണ്.
10. വി ഇ ഒ സൈറ്റ് സന്ദർശിക്കുന്നില്ല.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 8167500 | 2494 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1827000 | 537 |
| വിധവാപെൻഷൻ | 4620600 | 1353 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 113400 | 38 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 1197900 | 352 |
| തൊഴിൽ രഹിത വേതനം | 93120 | 72 |
| വിവാഹധനസഹായം | 330000 | 11 |

## 1-7-1 ക്ഷേമ പെൻഷൻ വിതരണം - അപാകങ്ങൾ

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിലെ മരണ രജിസ്റ്റ്രേഷനുള്ള 2019 വർഷത്തെ അപേക്ഷ അടിസ്ഥാനമാക്കി, ഈ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധന നടത്തിയപ്പോൾ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷം പെൻഷൻ കൃത്യമായി സസ്പെന്റ് ചെയ്യുന്നില്ലെന്ന് കാണുകയുണ്ടായി. ബേങ്ക് വഴി പെൻഷൻ തുക നൽകിവരുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ തുക അനുവദിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ വിശദവിവരം സഹിതം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | ആധാർ നമ്പർ | പെൻഷൻ ഐ ഡി | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|---|---|
| എ. മരണശേഷവും പെൻഷൻ തുക അനുവദിച്ച | | | | | |
| 1 | രാജപ്പൻ പി പി | 792916366630 | 111170202306 | 03.01.2019 | 4/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പെൻഷൻ സ്റ്റാറ്റസ് സസ്പെന്റഡ് ആണ്. |
| 2 | ലീലാമ്മ ജോസ് | 959442702476 | 111170400057 | 5.2.2019 | 4/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പെൻഷൻ സ്റ്റാറ്റസ് സസ്പെന്റഡ് ആണ്. |
| | | | | | |
| 3 | ദേവസ്യ | 202574694651 | 111170200257 | 06.01.2019 | 4/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | രേഖപ്പെടുത്തിയിട്ടുണ്ട്.( മരണം രജിസ്റ്റർ ചെയ്തത് 02.04.2019 നാണ്) നിലവിൽ പെൻഷൻ സ്റ്റാറ്റസ് സസ്പെന്റഡ് ആണ്. |
| ബി. മരണശേഷം പെൻഷൻ സസ്പെന്റ് ചെയ്യുന്നില്ല | | | | | |
| 1 | അന്നമ്മ | 380046124761 | 111170500015 | 6.07.2019 | 4/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ തുക കൈപ്പറ്റിയിട്ടുണ്ട്. ( മരണം രജിസ്റ്റർ ചെയ്തത് 09.10.2019 നാണ്) ഡയരക്ട് ടു ഹോം ആയതിനാൽ 5/19 മുതൽ തുക നൽകിയിട്ടില്ല. നിലവിലും പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. |
| 2 | തോമസ് പി സി | 438822859772 | 111170400082 | 8.11.2019 | 7/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ തുക കൈപ്പറ്റിയിട്ടുണ്ട്.മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ 8/19 മുതൽ തുക നൽകിയിട്ടില്ല. നിലവിലും പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. |
| 3 | കുഞ്ഞപ്പൻ കെ കെ | 950279192461 | 111170100751 | 06.12.2019 | 7/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ തുക കൈപ്പറ്റിയിട്ടുണ്ട്. ഡയരക്ട് ടു ഹോം ആയതിനാൽ 8/19 മുതൽ തുക നൽകിയിട്ടില്ല. നിലവിലും പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. |
| 4 | ദേവകി | 853608252234 | 111170500010 | 15.12.2019 | 7/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ തുക കൈപ്പറ്റിയിട്ടുണ്ട്. ഡയരക്ട് ടു ഹോം ആയതിനാൽ 8/19 മുതൽ തുക നൽകിയിട്ടില്ല. നിലവിലും പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. |
| 5 | കെ അബ്ദുൾ സലാം | 448366866509 | 111170201071 | 11.10.2019 | 7/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി |

| | | | | | |
|---|---|---|---|---|---|
| | | | | | സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മസ്റ്ററിംഗ് നടത്താത്തതിനാൽ 8/19 മുതൽ തുക നൽകിയിട്ടില്ല. നിലവിലും പെൻഷൻ സ്റ്റാറ്റസ്, അക്കൗണ്ട് ആക്ടീവ് ആണ്. |
| 6 | ആന്റണി | 447094908080 | 111170200502 | 09.10.2019 | 7/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മസ്റ്ററിംഗ് നടത്താത്തതിനാൽ 8/19 മുതൽ തുക നൽകിയിട്ടില്ല. നിലവിലും പെൻഷൻ സ്റ്റാറ്റസ്, അക്കൗണ്ട് ആക്ടീവ് ആണ്. |

ഇതു കൂടാതെ ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ അനുവദിക്കുന്നതുമായ വ്യക്തികളുടെ മരണ വിവരം ആ പഞ്ചായത്തിൽ അറിയിക്കേണ്ടതായുണ്ട്. എന്നാൽ ഇപ്രകാരമുള്ള വ്യക്തികളുടെ പെൻഷൻ സസ്പെന്റ് ചെയ്തിട്ടില്ല.

| ക്രമ നമ്പർ | പേര് | ആധാർ നമ്പർ | പെൻഷൻ ഐ ഡി | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | മറിയാമ്മ എം.ജെ | 668319462733 | 111130200137 | 18.11.2019 | ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ പെൻഷനർ ആണ്.7/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ കൈപ്പറ്റി. ഡയരക്ട് ടു ഹോം ആയതിനാൽ 8/19 മുതൽ തുക നൽകിയിട്ടില്ല. നിലവിലും പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. |

അതുപോലെ ഈപഞ്ചായത്തിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ മരണപ്പെടുന്നത് മറ്റ് സ്ഥലങ്ങളിൽ ആണെങ്കിലും ആവിവരം ഈ പഞ്ചായത്തിൽ അറിയിക്കേണ്ടതായുണ്ട്. ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതുമാസം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ

അറിയിക്കണമെന്നും സേവന സോഫ്റ്റ് വെയറിൽ നിന്ന് സസ്പെന്റ് ചെയ്യാൻ സെക്രട്ടറി നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരം പൂർണ്ണമായും നിർവ്വഹിച്ചതായി കാണുന്നില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/23.06.21) മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് പരിശോധിക്കേണ്ടതും അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തെ വിവരം അറിയിച്ച് യഥാസമയം പെൻഷൻ സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്

ഡെത്ത് രജിസ്റ്റ്ട്രേഷൻ അപേക്ഷയിലെ ആധാർ നമ്പർ മുഖേന ,മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടേതുൾപ്പെടെ സേവന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തി, അനർഹരുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-7-2 ഡയരക്റ്റ് ടു ഹോം സംവിധാനം വഴി പെൻഷൻ നൽകിവരുന്ന ഗുണഭോക്താവിന് മരണശേഷവും പെൻഷൻ നൽകി

ചുവടെ ചേർക്കുന്ന ഗുണഭോക്താവിന് മരണശേഷവും ഡയറക്റ്റ് ടു ഹോം സംവിധാനം വഴി പെൻഷൻ നൽകിയിട്ടുള്ളതായി കാണുന്നു.

| പേര് | ആധാർ നമ്പർ | പെൻഷൻ ഐ ഡി | മരണപ്പെട്ട തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | റിമാർക്സ് |
|---|---|---|---|---|---|
| ജോസഫ് വലീയവീട്ടിൽ | 587569894735 | 111170200137 | 16.02.2019 | 28.02.2019 | 4/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ നൽകിയിട്ടുണ്ട്(ഡയരക്റ്റ് ടു ഹോം ).നിലവിൽ പെൻഷൻ സ്റ്റാറ്റസ് സസ്പെന്റഡ് ആണ്. |

ഡിസംബർ 2018 മുതൽ ഏപ്രിൽ 2019 വരെയുള്ള 5 മാസത്തെ പെൻഷൻ തുകയായ 7500/- രൂപ ഒറ്റതവണയായാണ് വിതരണം ചെയ്തിട്ടുള്ളത്.ഡയരക്റ്റ് ടു ഹോം സംവിധാനം വഴി ഗുണഭോക്താവ് തുക നേരിട്ട് കൈപ്പറ്റണമെന്നിരിക്കേ മേൽ തുക കൈമാറിയത് പരിശോധിക്കേണ്ടതായുണ്ട്. ഇതിലേക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

## 1-8 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10293രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണം /വിപുലീകരണം നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കിയിട്ടുണ്ട്.2019-20 വർഷത്തിൽ 126 കെട്ടിടങ്ങൾ ഇപ്രകാരം ക്രമവൽക്കരണം നടത്തിയിട്ടുണ്ട്.എന്നാൽ ഇത്തരം നിർമ്മാണപ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ലൈസൻസ് എടുക്കാത്ത കച്ചവട സ്ഥാപനങ്ങളും

പരിശോധിച്ച് റിപ്പോർട്ട് ചെയ്യിട്ടില്ല.ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ ,ചട്ടം 10 പ്രകാരം ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ പട്ടിക 2 പ്രകാരമുള്ള ഫീസും അപേക്ഷകനിൽ നിന്നുള്ള സാക്ഷ്യപത്രവും ലഭ്യമാക്കിയാൽ ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. എന്നാൽ 2019-20 വർഷത്തിൽ ലിസ്റ്റ് ചെയ്ത 497 സ്ഥാപനങ്ങളിൽ 127 എണ്ണം മാത്രമാണ് ഇപ്രകാരം കാലാവധിക്ക മുൻപ് ലൈസൻസ് പുതുക്കിയിരിക്കുന്നത്.ലൈസൻസ് പുതുക്കുന്നതിലെ കാലതാമസം തുടർടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകളോ ഇടപെടലുകളോ നടത്തിയിട്ടില്ല.പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കുന്ന ചുമതലകൾ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.05.2021 | 2021മാർച്ച് -ഏപ്രിൽ | 07.05.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-12-16 മുതൽ 05-01-2017 വരെ | 2011-12 മുതൽ 2015-16 വരെ | 28-02-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് (സപ്ലിമെന്ററി ഓഡിറ്റ്) | ലഭ്യമല്ല. | 2014-15 | 10-09-2018 |

അക്കൗണ്ടന്റ് ജനറലിന്റെ 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടിലെ 6തടസ്സങ്ങളും 2014-15സപ്ലിമെന്ററി ഓഡിറ്റിലെ 9തടസ്സങ്ങളും തീർപ്പാക്കുവാൻ ബാക്കിയുണ്ട്.

## 1-11 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിൽ പദ്ധതി ആസൂത്രണം ,ഗുണഭോക്തൃതെരഞ്ഞെടുപ്പ് തുടങ്ങി 2019-2020 സാമ്പത്തികവർഷത്തിലെ വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും മറ്റുമായി ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളുടെ ഗ്രാമസഭകൾ ചേർന്നതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പദ്ധതി രൂപീകരണം 2019-2020 | ഒക്ടോബർ 2018 |
| ഗുണഭോക്തൃതെരഞ്ഞെടുപ്പ് നടപടികൾ | ഫെബ്രുവരി 2019 |
| 2019-2020ഗുണഭോക്തൃലിസ്റ്റ് അംഗീകാരം,ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെടെയുള്ളവയുടെ അംഗീകാരം | ജൂലൈ 2019 |
| 2020-21 വാർഷിക കർമ്മപദ്ധതിയും ലേബർ ബജറ്റും അംഗീകരിക്കൽ | നവംബർ 2019 |
| പദ്ധതി രൂപീകരണം 2020-2021 | ഫെബ്രുവരി 2020 |

ഗ്രാമസഭമിനുട്സ് രേഖപ്പെടുത്തിലുകളിലെ വീഴ്ചകൾ

ഗ്രാമസഭയോഗത്തിൽ പങ്കെടുക്കുവാൻ എത്തിയവരുടെ പേര്,മേൽവിലാസം,വയസ്സ്,എസ്.സി /എസ്.ടി, സ്ത്രീ, പുരുഷൻ, വിദ്യാഭ്യാസം, തൊഴിൽ, ഒപ്പ് എന്നീ ക്രമത്തിൽ മിനുട്സ് ബുക്കിൽ ഓരോ കോളവും വ്യക്തമായി പൂരിപ്പിച്ച് ഒപ്പ് വാങ്ങിക്കേണ്ടതാണ്.എന്നാൽ ഈ നടപടിക്രമങ്ങൾ പാലിച്ച് മിനുട്സിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.യോഗം അവസാനിച്ചാൽ കോ-ഓർഡിനേറ്ററും യോഗത്തിന്റെ അദ്ധ്യക്ഷനും, യോഗത്തിൽ പങ്കെടുത്തിട്ടുള്ള ജനപ്രതിനിധികളും കൂടാതെ ഗ്രാമസഭയോഗത്തിൽ പങ്കെടുത്തിട്ടുള്ള ചുരുങ്ങിയത് പതിനഞ്ച് പേരുടെയെങ്കിലും ഒപ്പ് രേഖപ്പെടുത്തേണ്ടതാണെന്ന വ്യവസ്ഥ ഒരു ഗ്രാമസഭയിലും പാലിക്കുന്നില്ലെന്ന് മിനുട്സ് പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. ഗ്രാമസഭ കോർഡിനേറ്റർമാർ മിനുട്സ് കൈകാര്യം ചെയ്യുന്നതിൽ ഇത്തരത്തിൽ വീഴ്ചകൾ ഉണ്ടാകുന്നത് ഉചിതമായ നടപടികൾക്കായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 സർക്കാർ അനുവദിച്ച പൊതു ആവശ്യഫണ്ട്,റവന്യൂ കലക്ഷൻ ഇൻസെന്റീവ് എന്നിവ ട്രഷറിയിൽ നിന്നും പാസ്സാക്കിയെടുക്കുവാൻ സാധിച്ചില്ല-ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിന് 1484147 രൂപയുടെ വരുമാനനഷ്ടം.

സ.ഉ. (ആർ.ടി) 2249/ 2020/ ധന തീയതി 18.03.2020 പ്രകാരം 360147/- രൂപ റവന്യൂ കലക്ഷൻ ഇൻസെന്റീവ് ഇനത്തിലും സ.ഉ. (ആർ.ടി) 2480/2020/ധന തീയതി 25.03.2020 പ്രകാരം 11,24,000/-രൂപ പൊതു ആവശ്യ ഗ്രാന്റ് ഇനത്തിലും സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാൻ ഗ്രാമപഞ്ചായത്തിന് അനുമതി ലഭിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിന് തുക യഥാസമയം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ സാധിച്ചില്ല.സ.ഉ.(എം എസ്)330/2004 തസ്വഭവ തീയതി 09-12-2004 പുറപ്പെടുവിച്ച പൊതു ആവശ്യ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 2.1 പ്രകാരം അതത് തദ്ദേശഭരണ സ്ഥാപനം തീരുമാനിക്കുന്ന പ്രകാരം പൊതുആവശ്യ ഗ്രാന്റ് തനത് ഫണ്ട് വിനിയോഗിക്കുന്നതുപോലെ കൈകാര്യം ചെയ്യാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട 14,84,147/- രൂപ

പാഴായിപോയിട്ടുണ്ട്. ഗ്രാന്റ് തുക ലഭിക്കാത്തതിന്റെ കാരണം അന്വേഷിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(17/26-06-21) മറുപടി ലഭ്യമാക്കിയിട്ടില്ല

ഇപ്രകാരം അനുവദിക്കുന്ന ഫണ്ടുകൾ അതാത് സാമ്പത്തിക വർഷം തന്നെ ലഭിക്കാതിരുന്നത് കാരണം ഗ്രാമപഞ്ചായത്തിന് 14,84,147 രൂപ നഷ്ടമായിട്ടുണ്ട്. പൊതു ആവശ്യ ഗ്രാന്റ് പാഴാകാതിരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം കാലേക്കൂട്ടി നടത്തേണ്ടതായിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ നിലവിലുണ്ടായ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ പാഴാക്കാതെ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്. ഈ വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-13 എഫ്.റ്റി.ഇ. & ഒ.എസ്. ലൈസൻസ് അപാകങ്ങൾ

1.അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരമുള്ള ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 7, പട്ടിക 2 അനുസരിച്ച് സ്ഥാപനത്തെ ഉൽപാദന മേഖല,സേവന മേഖല എന്നിങ്ങനെ തരം തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ നിർണ്ണയിക്കേണ്ടതും ഈടാക്കേണ്ടതും.എന്നാൽ 2019-20 വർഷത്തെ എഫ്.റ്റി.ഇ. & ഒ.എസ്. ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെയാണ് ലൈസൻസ് ഫീ നിർണ്ണയിച്ചിരിക്കുന്നത്. ലൈസൻസ് ഫീ നിർണ്ണയിച്ചതിലെ മാനദണ്ഡം വ്യക്തമല്ല. വ്യക്തമായ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധനനിക്ഷേപം കണക്കാക്കി അന്വേഷണക്കുറിപ്പിൽ രേഖപ്പെടുത്തിയ ശേഷമാണ് ലൈസൻസ് ഫീ ഈടാക്കേണ്ടത്. ആയതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2.ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ ,ചട്ടം 10 പ്രകാരം ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ പട്ടിക 2 പ്രകാരമുള്ള ഫീസും അപേക്ഷകനിൽ നിന്നുള്ള സാക്ഷ്യപത്രവും ലഭ്യമാക്കിയാൽ ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. എന്നാൽ 2019-20 ലെ 497 ൽ 127 എണ്ണം മാത്രമാണ് ഇപ്രകാരം കാലാവധിക്ക മുൻപ് പുതുക്കിയിരിക്കുന്നത്.കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള സ്ഥലങ്ങൾ സെക്രട്ടറിയുടെ ലൈസൻസ് കൂടാതെ യാതൊരു ആവശ്യത്തിനും ഉപയോഗിക്കാൻ പാടുള്ളതല്ല. അതിനാൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും സമയബന്ധിതമായിത്തന്നെ ലൈസൻസ് പുതുക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 എഫ്.ടി.ഇ.& ഓ.എസ് ലൈസൻസ് എടുത്ത സ്ഥാപനത്തിന് പാർപ്പിടാവശ്യത്തിനുള്ള ഉപയോഗഗണത്തിൽ വസ്തുനികുതി ഈടാക്കുന്നു.

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ എഫ്.ടി.ഇ.& ഓ.എസ് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ കേബിൾ ടി.വി.നെറ്റ് വർക്ക് ഓഫീസ് നടത്തുന്ന സ്ഥാപനത്തിന് പാർപ്പിടാവശ്യത്തിനുള്ള ഉപയോഗഗണത്തിൽപ്പെടുത്തി വസ്തുനികുതി ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| രജി.ക്രമ നം | അപേക്ഷകന്റെ പേര് | വാർഡ്/ കെട്ടിട നം | ഉപയോഗം | ഈടാക്കുന്ന വസ്തുനികുതി നിരക്ക് | ഈടാക്കേണ്ട വസ്തുനികുതി നിരക്ക് |
|---|---|---|---|---|---|
| 331 | കേശവൻ സി. | 15/544 | കേബിൾ ടി.വി.നെറ്റ് വർക്ക് ഓഫീസ് | 3/Sq.M | 40/Sq.M |

പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്തേണ്ടതാണ്. എഫ്.ടി.ഇ.& ഓ.എസ് ലൈസൻസ് അനുവദിക്കുമ്പോൾത്തന്നെ സ്ഥാപനം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ വസ്തുനികുതി അനുയോജ്യമായ

ഉപയോഗഗണത്തിലാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 ഇ-ടെണ്ടർ വഴി നടപ്പാക്കിയ പ്രവൃത്തികൾ - ടെണ്ടർഫാറം വിലപഞ്ചായത്തിൽ വരവുവന്നിട്ടില്ല.

2019-20 വർഷത്തിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ ഫാറം വില, ഇഎംഡി എന്നിവ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവു വരുന്നത്. എന്നാൽ ടെണ്ടർഫാറംവില ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനമാകയാൽ ഈയിനത്തിലുള്ള വരവ് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്. എന്നാൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫാറംവിലയിനത്തിൽ ഇതുവരെയായും ഗ്രാമപഞ്ചായത്തിന് തുകയൊന്നും ലഭിച്ചിട്ടില്ല. ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫാറം വിലയിനത്തിൽ ലഭിക്കേണ്ട തുക സംബന്ധിച്ച് അസിസ്റ്റന്റ് എൻജിനീയർ അതാത് സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിനെ പ്രവൃത്തികളുടെ ലിസ്റ്റ് സഹിതം അറിയിച്ചിട്ടില്ല. ഇക്കാരണത്താൽ ഗ്രാമപഞ്ചായത്തിന് തുക ക്ലെയിം ചെയ്യുവാനും സാധിച്ചിട്ടില്ല. മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫാറം വില ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്ന് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 വാടക ബൈലോ തയ്യാറാക്കിയിട്ടില്ല.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം, പെരുംമ്പടവ്, ഒട്ടവള്ളിത്തട്ട് ഷോപ്പിംഗ് കോംപ്ലക്സുകളിലെ 13 മുറികൾ ഉൾപ്പെടെ 20 മുറികൾ ആണ് ഗ്രാമപഞ്ചായത്തു വാടകയ്ക്ക് നൽകുന്നത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 256 പ്രകാരം ഈ നിയമത്തിലേയും മറ്റേതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അവരുടെ കാര്യങ്ങൾ നിറവേറ്റാൻ സർക്കാർ അംഗീകാരത്തോടു കൂടി ബൈലോകൾ ഉണ്ടാക്കേണ്ടതാണ്. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നിലവിൽ ഇതുവരെ പഞ്ചായത്ത് ബൈലോ തയ്യാറാക്കിയിട്ടില്ല. ബൈലോ തയ്യാറാക്കി അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 വരൾച്ചാദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ള കിയോസ്കുകളിലേക്ക് കുടിവെള്ള വിതരണം-ജി പി എസ് ട്രാക്കിംഗ് റിപ്പോർട്ട് ലഭിക്കാതെ കരാറുകാരന് തുക നൽകിയത് ക്രമപ്രകാരമല്ല. 1,43,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള കിയോസ്കുകളിൽ ജി പി എസ് ഘടിപ്പിച്ച ടാങ്കർ ലോറിയിൽ 2019 ഏപ്രിൽ 20 മുതൽ കുടിവെള്ളം നിറക്കുന്നതിന് കരാർ നൽകിയ (20-04-2019 തീയതിയിൽ കരാർ ഒപ്പിട്ടു ) ശ്രീ എം.സി അബ്ദുറഹിമാൻ എന്നവർക്ക് വൗച്ചർ നമ്പർ 21900451/ 27-08-2019 പ്രകാരം 2,99,534/-രൂപ അനുവദിക്കുകയുണ്ടായി. റവന്യൂവകുപ്പ് നിശ്ചയിച്ച കിലോമീറ്ററിന് 82/-രൂപ നിരക്കിലാണ് കുടിവെള്ളം നിറക്കുന്നതിന് കരാർ നൽകിയത്. വാഹനം വഴിയുള്ള കുടിവെള്ള വിതരണത്തിന് ജില്ലാ കലക്ടേറ്റിൽ സജ്ജമാക്കിയ ജി പി എസ് ട്രാക്കിംഗ് സംവിധാനമാണ് ഉപയോഗിച്ചത്. കുടിവെള്ളം വിതരണം നടത്തുന്ന വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, പുറപ്പെടുന്ന സ്ഥലം, സമയം, സഞ്ചരിച്ച ദൂരം, കുടിവെള്ളം വിതരണം ചെയ്ത സ്ഥലം,കിലോമീറ്റർ, അളവ് സമയം, വെള്ളത്തിന്റെ അളവ് തുടങ്ങിയ വിവരങ്ങൾ കരാറുകാരൻ രേഖപ്പെടുത്തേണ്ടതാണെന്നും ആയത് വാർഡ് മെമ്പർ, വില്ലേജ് ഓഫീസർ, കിയോസ്കിന്റെ തൊട്ടടുത്ത താമസക്കാരൻ എന്നിവരെക്കൊണ്ട് അതാത് ദിവസങ്ങളിൽ സാക്ഷ്യപ്പെടുത്തി അതാത് ദിവസം തന്നെ ഗ്രാമപഞ്ചായത്തിനെ അറിയിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, ജി പി എസ് ട്രാക്കിംഗ് റിപ്പോർട്ട് പ്രകാരമുള്ള കിലോമീറ്റർ എന്നിവ പരിശോധിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

കരാർ തീയതിയായ 20-04-2019 മുതൽ 10-06-2019 വരെയുള്ള കാലയളവിൽ കുടിവെള്ളം വിതരണം നടത്തിയതിനാണ് ഗ്രാമപഞ്ചായത്ത് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ തുക അനുവദിക്കുന്നതിന് അടിസ്ഥാനമായ ജി പി എസ് ട്രാക്കിംഗ് റിപ്പോർട്ട് 20-04-2019 മുതൽ 17-05-2019 വരെയുള്ള കാലയളവിലേത് മാത്രമാണ് ജില്ലാ കലക്ടേറ്റിൽ നിന്നും ലഭിച്ചിട്ടുള്ളത്. 20-04-2019 മുതൽ 17-05-2019 വരെ ജി പി എസ് റീഡിംഗും കരാറുകാരൻ നൽകിയ ട്രിപ്പ് ഷീറ്റും താരതമ്യം ചെയ്ത് അവയിൽ കുറഞ്ഞ കിലോമീറ്റർ കണക്കാക്കിയും

(1902.85കി.മീ) 18-05-2019 തീയതി മുതൽ 10-06-2019 വരെ കരാറുകാൻ നൽകിയ ട്രിപ്പ് ഷീറ്റിന്റെ മാത്രം അടിസ്ഥാനത്തിൽ കിലോമീറ്റർ കണക്കാക്കിയും (1750കി.മീ) ആണ് തുക കരാറുകാരന് അനുവദിച്ചിട്ടുള്ളത്. ഇതു പ്രകാരം ആകെ 3652.85 കിലോമീറ്റർ (1902.85+1750) ദൂരം വാഹനം ഓടിയതായി കണക്കാക്കിയാണ് 299534/- രൂപ (3652.85*82) കരാറുകാരന് നൽകിയത്.

ജി പി എസ് ട്രാക്കിംഗ് റിപ്പോർട്ട് ഇല്ലാതെ തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

സർക്കാരിന്റെ 02-03-2019 തീയതിയിലെ സ.ഉ (സാധാ)നം.500/2019/തസ്വഭവ ഉത്തരവ് പ്രകാരം ജി പി എസ് ലോഗ്,വാഹനത്തിന്റെ ലോഗ് ബുക്ക്,ട്രിപ്പ് ഷീറ്റ് മുതലായവ ചെക്ക് ചെയ്ത് സുതാര്യത ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ കരാറുകാരന് സെക്രട്ടറി തുക അനുവദിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 18-05-2019 തീയതി മുതൽ 10-06-2019 വരെ കരാറുകാൻ നൽകിയ ട്രിപ്പ് ഷീറ്റിന്റെ മാത്രം അടിസ്ഥാനത്തിൽ കിലോമീറ്റർ കണക്കാക്കിയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക അനുവദിക്കുന്നതിന് അടിസ്ഥാനമായ ജി പി എസ് ട്രാക്കിംഗ് റിപ്പോർട്ട് ഇല്ലാതെ 1750 കിലോമീറ്റർ ദൂരത്തിന് കരാറുകാരന് തുക അനുവദിച്ചത് ക്രമപ്രകാമല്ല. ജി പി എസ് ട്രാക്കിംഗ് റിപ്പോർട്ട് ഇല്ലാതെ1750 കിലോമീറ്റർ ദൂരത്തിന് അനുവദിച്ച 143500/- രൂപയുടെ (1750*82)ചെലവ് ക്രമപ്രകാരമല്ല.

വില്ലേജ് ഓഫീസറും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ട്രിപ്പ് ഷീറ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കുടിവെള്ളം വിതരണം നടത്തുന്ന വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, പുറപ്പെടുന്ന സ്ഥലം , സമയം, സഞ്ചരിച്ച ദൂരം,കുടിവെള്ളം വിതരണം ചെയ്ത സ്ഥലം, കിലോമീറ്റർ, അളവ് സമയം, വെള്ളത്തിന്റെ അളവ് തുടങ്ങിയ വിവരങ്ങൾ കരാറുകാരൻ രേഖപ്പെടുത്തേണ്ടതാണെന്നും ആയത് വാർഡ് മെമ്പർ, വില്ലേജ് ഓഫീസർ, കിയോസ്കിന്റെ തൊട്ടടുത്ത താമസക്കാരൻ എന്നിവരെക്കൊണ്ട് അതാത് ദിവസങ്ങളിൽ സാക്ഷ്യപ്പെടുത്തി ഗ്രാമപഞ്ചായത്തിനെ അറിയിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന ട്രിപ്പ് ഷീറ്റുകൾ പരിശോധിച്ച് അതാത് ദിവസം തന്നെ തദ്ദേശസ്ഥാപനത്തിന്റെ സെക്രട്ടറിയും സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ വില്ലേജ് ഓഫീസർ ,സെക്രട്ടറി എന്നീ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്താതെയുള്ള ട്രിപ്പ് ഷീറ്റ് പ്രകാരമാണ് കരാറുകാരന് തുക അനുവദിച്ചത്.

കുടിവെള്ളവിതരണം ക്വട്ടേഷൻ -തുടർനടപടികൾ സംബന്ധിച്ച് വ്യക്തമാക്കേണ്ടതാണ്.

റവന്യൂവകുപ്പ് നിശ്ചയിച്ച ക്വട്ടേഷൻ നിരക്ക് അധികമായി തോന്നുകയാണെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വന്തം നിലയിൽ ക്വട്ടേഷൻ ക്ഷണിക്കാമെന്ന് ജില്ലാ കലക്ടർ അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30-03-2019 തീയതിയിലെ 49/2019(3) നമ്പർ തീരുമാനപ്രകാരം ജില്ലാ കലക്ടർ നിശ്ചയിച്ച ക്വട്ടേഷൻ നിരക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കുടിവെള്ള വിതരണത്തിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ക്വട്ടേഷൻ നോട്ടീസ് പുറപ്പെടുവിക്കുകയും (ഫയൽ നം.A4/1343/19) 03-05-2019 ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാനതീയതിയായി നിശ്ചയിക്കുകയും ചെയ്തതായി കാണുന്നു. അതേ സമയം 20-04-2019 ന് തന്നെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കരാറുകാരനും ജില്ലാ കലക്ടർ നിശ്ചയിച്ച നിരക്ക് അംഗീകരിച്ച് കരാറിലേർപ്പെട്ടതായും കാണുന്നു. ജില്ലാ കലക്ടർ നിശ്ചയിച്ച ക്വട്ടേഷൻ ഭരണസമിതി അംഗീകരിച്ച് മിനുട്സിൽ രേഖപ്പടുത്തിയ സാഹചര്യത്തിൽ 24-04-2019 ന് പ്രത്യേകം ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും അതു പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാതിരുന്നതിന്റെയും മേൽ സൂചിപ്പിച്ച പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുന്നതിന് മുൻപ് കരാറിലേർപ്പെട്ടത് സംബന്ധിച്ചും കാരണം വ്യക്തമാക്കേണ്ടതാണ്.

ആദായനികുതി കുറവ് ചെയ്യാതെ കരാറുകാരന് തുക അനുവദിച്ചു.അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000/- രൂപയിൽ അധികരിച്ചുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് ഹിന്ദു കുടുബം / വ്യക്തികൾ എന്നിവർക്ക് ഒരു ശതമാനവും മറ്റുള്ളവർക്ക് രണ്ട് ശതമാനം നിരക്കിലുമാണ്. ഇതു പ്രകാരം 30000/- രൂപയിൽ അധികരിക്കുന്ന കരാർ തുക വരുന്ന വാങ്ങൽ നടത്തുന്നതോ സേവനങ്ങൾക്ക് പ്രതിഫലം കൈപ്പറ്റുന്നതോ ആയ സന്ദർഭങ്ങളിൽ ഇൻവോയ്സ് /ബില്ലിൽ കാണിച്ചിരിക്കുന്ന തുകയിൻമേൽ ബാധകമായ നിരക്കിൽ ആദായനികുതി റിക്കവറി നടത്തി അടവാക്കേണ്ടതാണ്. വാഹനവാടകയിനത്തിൽ ശ്രീ എം.സി അബ്ദുറഹിമാൻ എന്നവർക്ക് 2019-2020 വർഷത്തിൽ 2,99,534/-രൂപ അനുവദിക്കുകയുണ്ടായി. എന്നാൽ ടി വ്യക്തിയിൽ നിന്നും 1% നിരക്കിൽ ആദായനികുതി റിക്കവറി നടത്തിയിട്ടില്ലാത്തതിനാൽ 2995/- രൂപ അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ 2995/- രൂപ രൂപ ഈടാക്കി ആദായനികുതി വകുപ്പിലടക്കേണ്ടതാണ്. മേൽസൂചിപ്പിച്ച അപാകങ്ങൾ ഉള്ളതിനാൽ 1,43,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ-കരാറുകാരന് അധിക തുക നൽകി

സെക്രട്ടറി നിർവഹണം നടത്തിയ ഗ്രാമപഞ്ചായത്തിലെ വൈദ്യുതി എത്തിച്ചേരാത്ത പഞ്ചായത്ത് തീരുമാനിക്കുന്ന സ്ഥലങ്ങളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രൊജക്റ്റിൽ (പ്രോജക്ട്നം.182/20-SO,അടങ്കൽ-383000/-രൂപ-ധനകാര്യകമ്മീഷൻ അവാർഡ്,ബിൽ ബുക്ക് നം.7/21-08-19 തീയതി 04-09-19) 3,80,880 രൂപ ചെലവഴിച്ചിട്ടുണ്ട്.പ്രസ്തുത പ്രൊജക്റ്റിന് ടെണ്ടർ ക്ഷണിച്ചതിൽ ഇൻസ്റ്റലേഷൻ ചാർജ് ഉൾപ്പെടെ ഒരു വിളക്കിന് 31740/- രൂപ എന്ന കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത M/S എക്കോമേറ്റ് എനർജി സൊല്യൂഷൻസ് ,പെരുമ്പാവൂർ, ഏറണാകുളം എന്ന സ്ഥാപനത്തെ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30-01-2019 തീയതിയിലെ 14/2019 നമ്പർ തീരുമാനപ്രകാരം നിർവഹണചുമതല ഏൽപ്പിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01-02-2019 തീയതിയിലെ എ4-07/18 നമ്പർ കത്ത് പ്രകാരം അനർട്ടിന്റെ സ്പെസിഫിക്കേഷനുള്ള 12 സോളാർ ലൈറ്റുകൾ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് 5% സെക്യൂരിറ്റി തുകയടച്ച് സെക്രട്ടറിയുമായി 2019 ഫെബ്രുവരിക്കുള്ളിൽ പ്രവൃത്തി പൂർത്തീയാക്കുവാനും നിർദ്ദേശിച്ചിരുന്നു.ഫയലിൽ ലഭ്യമായ രേഖകൾ പ്രകാരം 27-03-2019 തീയതിയിലാണ് സ്ഥാപനം ബിൽ സമർപ്പിച്ചത്. പ്രോജക്റ്റ് നിർവഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ /വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

<u>രേഖകൾ ഹാജരാക്കിയില്ല.</u>

ഇൻസ്റ്റലേഷൻ റിപ്പോർട്ട്, 5% സെക്യൂരിറ്റി തുക അടവാക്കിയതിന്റെ രേഖകൾ, പ്രോജക്റ്റ് മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.സ്ഥാപനവുമായി ചമച്ച കരാറിൽ (28/2018-19തീയതി 02-02-2019) സെക്രട്ടറി ഒപ്പിട്ടതായി കാണുന്നില്ല.

<u>കരാറുകാരന് 14510/- രൂപ അധികം നൽകി.</u>

ആദായനികുതി നിയമം വകുപ്പ് 194 സി പ്രകാരം ബില്ലിൽനിന്ന് 2% നിരക്കിൽ ആദായനികുതി റിക്കവറി നടത്താത്തതിനാൽ 7255 രൂപ(362743 രൂപയുടെ 2%) കരാറുകാരന് അധികമായി നൽകിയിട്ടുണ്ട്. ജി.എസ്.ടി ആക്ട് സെക്ഷൻ 51 പ്രകാരം രണ്ടരലക്ഷം രൂപയിൽ അധികരിക്കുന്ന കരാർ തുക വരുന്ന വാങ്ങൽ നടത്തുന്ന/ സേവനം കൈപ്പറ്റുന്ന സംഗതികളിൽ ബില്ലിൽ /ഇൻവോയ്സിൽ കാണിച്ചിരിക്കുന്ന ടാക്സ് കഴിച്ചുള്ള തുകയുടെ 2% നിരക്കിൽ ടി.ഡി.എസ്.ആയി ജി.എസ്.ടി ഈടാക്കി അടവാക്കേണ്ടതുണ്ട്. ഇപ്രകാരം റിക്കവറി നടത്താത്തതിനാലും കരാറുകാരന് 7255 രൂപ (362743 രൂപയുടെ 2%)അധികമായി ഈടാക്കിയിട്ടുണ്ട്. നിയമപരമായ റിക്കവറി നടത്താത്തതിനാൽ കരാറുകാരന് അധികം നൽകിയ 14510/- രൂപ (7255+7255)ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കേണ്ടതാണ്.

## 1-19 മഹാത്മാഗാന്ധിദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി -അക്രഡിറ്റഡ് എൻജിനീയർക്ക് 2019-2020 സാമ്പത്തികവർഷത്തിൽ രണ്ട് പ്രാവശ്യം ആർജ്ജിതാവധി സറണ്ടർ അനുവദിച്ചത് ക്രമപ്രകാരമല്ല.13,375 രൂപയുടെ അധികചെലവ്.

മഹാത്മാഗാന്ധിദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകളിൽ നിയമിക്കപ്പെട്ട കരാർ ജീവനക്കാർക്ക് കേരളസർവീസ് റൂൾസ് അനുബന്ധം-(VIII) ബാധകമാക്കിയിട്ടുള്ളതിനാൽ 1/11 എന്ന നിരക്കിൽ ഒരു സാമ്പത്തികവർഷം പരമാവധി 15 ദിവസത്തേക്ക് മാത്രമേ ആർജ്ജിതാവധി സറണ്ടർ ചെയ്യുവാൻ സാധിക്കുകയുള്ളൂ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിലെ കരാർ നിയമനങ്ങൾ നിലവിൽ രണ്ട് വർഷത്തേക്കുള്ളതാണ്. 01-07-18 മുതൽ രണ്ട് വർഷത്തേക്കാണ് അക്രഡിറ്റഡ് എൻജിനീയറെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത്. ആയതിനാൽ 2019 -20 സാമ്പത്തികവർഷത്തിൽ പരമാവധി 15 ദിവസത്തേക്ക് മാത്രമേ ആർജ്ജിതാവധി സറണ്ടർ ചെയ്യുവാൻ സാധിക്കുകയുള്ളൂ. എന്നാൽ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എൻജിനീയറായ ശ്രീമതി അർച്ചന.വി എസ് എന്നവർക്ക് 2019-20 സാമ്പത്തിക വർഷത്തിൽ രണ്ട് പ്രാവശ്യം ആർജ്ജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് വിവരം |
|---|---|---|---|
| 1 | 2190270/ | 12500 | MNREGA വിഭാഗം അക്രഡിറ്റഡ് എൻജിനീയർ |

| | | | |
|---|---|---|---|
| | 03-07-2019 | | അർച്ചന.വി.എസിന് 01-07-2019 മുതൽ 15 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചത് (കരാർ വേതനം പ്രതിമാസം ₹25000/-എന്ന നിരക്കിന്റെ അടിസ്ഥാനത്തിൽ) |
| 2 | 2190210/ 31-03-2020 | 13375 | MNREGA വിഭാഗം അക്രഡറ്റിഡ് എൻജിനീയർ അർച്ചന.വി.എസിന് 2019-20 വർഷത്തെ 15 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചത് (കരാർ വേതനം പ്രതിമാസം ₹26750/-എന്ന നിരക്കിന്റെ അടിസ്ഥാനത്തിൽ) |

ഒരു സാമ്പത്തികവർഷത്തിൽ മേൽസൂചിപ്പിച്ച പ്രകാരം രണ്ട് പ്രാവശ്യം ആർജ്ജിതാവധി സറണ്ടർ അനുവദിച്ചതിനാൽ വൗച്ചർ നമ്പർ- 2190210/31-03-2020 പ്രകാരമുള്ള ₹13375/-രൂപയുടെ ചെലവ് ക്രമപ്രകാരമല്ല. (2018-2019 സാമ്പത്തികവർഷത്തിൽ 15 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ അക്രഡറ്റിഡ് എൻജീനിയർക്ക് അനുവദിച്ചിട്ടുണ്ട്.) ആർജ്ജിതാവധി സറണ്ടർ ക്രമപ്രകാരമല്ലാതെ അനുവദിച്ചയിനത്തിലെ 13375 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 1-20 കുടുംബശ്രീ സ്വയം തൊഴിൽ സംരംഭ കെട്ടിടം പ്രവർത്തനം ആരംഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ പേര് | 228/2020 കുടുംബശ്രീ സ്വയം തൊഴിൽ സംരംഭ കെട്ടിട പൂർത്തീകരണം |
| അടങ്കൽ- 6,21,000 | വികസനഫണ്ട് |
| ചെലവ്/ വൌച്ചർ നമ്പർ തീയതി | 525374/80/13-03-2020 |

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽ പ്രോത്സാഹനം ലക്ഷ്യമാക്കി ഗ്രാമപഞ്ചായത്തിൽ ( വാർഡ് -17 എടക്കോം) സംഭരണ വിപണന കേന്ദ്രം സ്ഥാപിക്കുന്നതിനായി 5,25,374 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ സംഭരണ വിപണന കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രവർത്തന കേന്ദ്രം ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-21 മുദ്രപത്രം വാങ്ങിയ തീയതിക്ക് മുന്നേയുള്ള തീയതിയിൽ കരാർചമച്ചു. സമയബന്ധിതമായി കരാർ ചമക്കാത്തതിന് പിഴ ഈടാക്കാൻ സാധിച്ചിട്ടില്ല.

കേരളപൊതുമരാമത്ത്മാന്വലിലെ സെക്ഷൻ 2009.6 അനുസരിച്ച് സെലക്ഷൻ നോട്ടീസിന്റെ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ പ്രവൃത്തി ലഭിച്ച കരാറുകാരൻ കരാർ ഉടമ്പടി ചമച്ചിരിക്കേണ്ടതാണ്. തുടർന്നുള്ള 10 ദിവസങ്ങളിൽ കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് കരാർ ചമക്കാൻ അനുവദിക്കാവുന്നതാണ്.
താഴെ പറയുന്ന പ്രവർത്തികളിൽ മുദ്രപത്രം വാങ്ങിയ തീയതിക്ക് മുന്നേയുള്ള തീയതിയിലാണ് കരാർ ചമച്ചത്.

| ക്രമനം | പ്രവൃത്തിയുടെ പേര്, കരാർ തുക,കരാറുകാരൻ | ചെലവ്/ വൌച്ചർ നമ്പർ തീയതി | സെലക്ഷൻ നോട്ടീസിന്റെ തിയതി | മുദ്രപത്രം വാങ്ങിയ തീയതി | കരാർ ചമച്ച തീയതി |
|---|---|---|---|---|---|
| 1 | 195/2020 ളാവിൽ ആലത്തട്ട് റോഡ് സെക്കന്റ് മെറ്റലിംഗ് ടാറിംഗ് 350000<br><br>കെ മനോഹരൻ | 258408/-43/20-08-2019 | രേഖപ്പെടുത്തിയിട്ടില്ല. | 11-04-2018 | 31-03-2018 |
| 2 | 220/2020 ശാന്തിഗിരി മുച്ചിലോട്ട് റോഡ് ടാറിംഗ് | 491931/- | രേഖപ്പെടുത്തിയിട്ടില്ല | 11-04-2018 | 31-03-2018 |

| | | | | | | |
|---|---|---|---|---|---|---|
| | 500000<br>കെ മനോഹരൻ | 56/26-03-2019 | | | | |

സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്താതിരുന്നതിനാലും , മുദ്രപത്രം വാങ്ങിയ തീയതിക്ക് മുന്നേയുള്ള തീയതി രേഖപ്പെടുത്തി കരാർ ചമച്ചതിനാലും നിയമപ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം നൽകുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (15/25-06-2021) 2018മാർച്ച് 31 ന് മുൻപ് പ്രവർത്തികൾ സ്പിൽ ഓവർ ആക്കുന്നതിന് എഗ്രിമെന്റ് വെയ്ക്കുമ്പോൾ ഉണ്ടായ തിരക്കിനിടയിൽ ശ്രദ്ധയിൽ പെടാത്തത് കാരണം ഉണ്ടായതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. നിയമാനുസൃതം ഈടാക്കേണ്ട പിഴയിൽ നിന്നും കരാറുകാരനെ ഒഴിവാക്കിയതുമൂലം ഉണ്ടാകുന്ന നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്. പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതും ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

## 1-22 മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്-കൃത്യത ഉറപ്പാക്കുന്നില്ല

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. എഗ്രിമെന്റിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ കേരള PWD മാന്വലിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. കരാറുകാർക്ക് അയച്ചിട്ടുള്ള സെലക്ഷൻ നോട്ടീസുകളിൽ 14 ദിവസത്തിനുള്ളിൽ എഗ്രിമെന്റ് ചമയ്ക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പല നോട്ടീസുകളിലും നോട്ടീസ് അയച്ച തിയതി രേഖപ്പെടുത്തിയിട്ടില്ല.

3. എസ്.സി.പി ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ ഫയലുകളിൽ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയ സാമൂഹ്യ ഭൂപടം, ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടിക എന്നിവ സൂക്ഷിച്ചിട്ടില്ല.

4. മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നില്ല. ഉൾപ്പെടുത്തിയവയിൽ പ്രസ്തുത പ്രവർത്തി നടപ്പാക്കുന്നില്ല.

5. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നില്ല.

6. മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല.

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ആവശ്യമായ രേഖകൾ കാലികമാക്കി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യം ഉറപ്പാക്കേണ്ടതാണ്.

## 1-23 പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ കരാർദീർഘീകരിക്കുന്നു

പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ്സ് പീരീഡ് ആയി അനുവദിക്കാവുന്നതാണ്. കരാറുകാരന്റെ പിഴവ് മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവർത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012/PWD/01.02.2012), സെക്ഷൻ 2112 പ്രകാരം) എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 2012 PWD മാന്വലിലെ മേൽ നിബന്ധനകൾ അല്ല പഞ്ചായത്തിൽ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

തലവ് എരുവാട്ടി റോഡ് റീ ടാറിംഗ്

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | 190/2020 തലവ് എരുവാട്ടി റോഡ് റീ ടാറിംഗ് |
| അടങ്കൽ- | 500000/- മെയിന്റനൻസ് ഫണ്ട് റോഡ് |
| ചെലവ്/ വൌച്ചർ നമ്പർ തീയതി | 491872/- 28/20-08-2019 |
| കരാറുകാരന്റെ പേര് | രാജു ടി എസ് |
| കരാർ തുക | 500000 |
| കരാർ തീയതി | 61/AE/LSGD/CGP/2017-18 Dated 28-03-2018 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട ദിവസം | 27-08-2019 (5 മാസം) കരാറിലോ എഗ്രിമെന്റ് രജിസ്റ്ററിലോ പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല. സാങ്കേതികാനുമതി ഉത്തരവിൽ പൂർത്തീകരണ കാലയളവ് 5 മാസം രേഖപ്പെടുത്തിയിട്ടുണ്ട്. (LSGD/TS/2017-18/132701 തീയതി 06-11-2017) |
| പ്രവൃത്തി പൂർത്തീകരിച്ച ദിവസം | 30-04-2019 |
| എം.ബുക്ക് നമ്പർ. | 237/2018 |

5 മാസം പ്രവർത്തന കാലയളവ് നിശ്ചയിച്ച മേൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അനുവദിക്കാവുന്ന പരമാവധി സമയം 12-11-2018(50%) വരെയാണ്. കരാറുകാരന്റെ അപേക്ഷയില്ലാതെ )പഞ്ചായത്ത് തീരുമാനം 19-01-2019 ലെ 9/2019(6)) പ്രകാരം പ്രവർത്തികളുടെ പൂർത്തീകരണ കാലാവധി പിഴഇല്ലാതെ 31-01-2019 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഇത് മാന്വലിലെ വ്യവസ്ഥകൾക്ക് അനുസൃതമല്ല.

ഓഡിറ്റ് നിർദ്ദേശം-

1- എഗ്രിമെന്റിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ കേരള PWD മാന്വലിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തുക.

2- PWD മാന്വലിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പിഴ ഈടാക്കുക

3-കാലവധി ദീർഘീകരണം പരമാവധി 50% ൽ പരിമിതപ്പെടുത്തുക

## 1-24 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ-മോണിറ്ററിംഗ് ഘട്ടങ്ങൾ കാര്യക്ഷമമാക്കണം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 189 മരാമത്ത് പ്രവൃത്തികൾക്കാണ് അംഗീകാരം ലഭ്യമാക്കിയതെങ്കിലും 89 പ്രവൃത്തികൾക്കുള്ള തുക മാത്രമാണ് ട്രഷറിയിൽ നിന്നും തൻവർഷം പിൻവലിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 8.18 കോടി രൂപയിൽ 3.46 കോടി രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. 42% മാത്രമാണ് തൻവർഷത്തെ ചെലവ്.

അസിസ്റ്റന്റ് എഞ്ചിനിയർ 28.02.2020 മുതൽ ട്രഷറിയിൽ സമർപ്പിച്ച 2.52 കോടി രൂപയിൽ അധികം മൂല്യം വരുന്ന 73 ബില്ലുകൾ ട്രഷറിയിൽ നിന്നും മാറാതിരുന്നതിനാൽ ക്യൂ ബില്ലുകളായി മാറിയിട്ടുണ്ട്. തൻവർഷത്തെ ചെലവ് ശതമാനത്തിൽ ഗണ്യമായ കുറവുണ്ടാകുവാനുള്ള പ്രധാന കാരണം ഇതാണ്.

സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം കാര്യക്ഷമമായി നടപ്പാക്കപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തുന്നു.

ഓഡിറ്റ് നിർദ്ദേശം

1.സാമ്പത്തിക വർഷാവസാനം കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.

2.സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് പ്രവൃത്തികളുടെ ഓരോ ഘട്ടവും തീരുന്ന മുറയ്ക്ക് പാർട്ട് ബില്ലുകൾ അനുവദിച്ച് പരമാവധി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.വികസന സ്റ്റാന്റിംഗ് കമ്മിറ്റി, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഇടപെടൽ നടത്തേണ്ടതാണ്.

## 1-25 കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

2019-20 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ ഭാഗമായി കാർഷിക മേഖലയിൽ കൃഷി ഓഫീസർ 5 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമനം | പദ്ധതിയുടെ പേര്/ പ്രൊജക്റ്റ് നമ്പർ | അടങ്കൽ | ഫണ്ട് വിവരം/ തുക | | ബിൽ നം/ചെലവ് തുക |
|---|---|---|---|---|---|
| 1 | നെൽ കൃഷി വികസനം 08/2020 | 424000 | വികസനഫണ്ട് | 105500 | 3/2019-20 തീയതി 6.11.19 105500 |
| | | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 42500 | ചെക്ക് നം 5192581/06.1.20 42500 |
| | | | ജില്ല പഞ്ചായത്ത് വിഹിതം | 85000 | 8/2019-20 തീയതി 13.03.20 85000 |
| | | | മറ്റുള്ളവ | 191000 | 0 |
| 2 | തെങ്ങിന് വളം വിതരണം 13/2020 | 1791000 | വികസനഫണ്ട് | 1343200 | 2/2019-20 തീയതി 30.10.19 1343200 |
| | | | തനത് | 50 | 0 |
| | | | മറ്റുള്ളവ | 447750 | 0 |
| 3 | തരിശു ഭൂമിയിൽ പച്ചക്കറി/പാട്ടകൃഷി 38/2020 | 120000 | വികസഫണ്ട് | 43000 | 6/2019-20 തീയതി 12.02.20 33000 |
| | | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 8500 | ചെക്ക് നം 5192583 തീയതി 15.02.20 8500 |
| | | | ജില്ലാ പഞ്ചായത്ത് വിഹിതം | 8500 | 9/2019-20 തീയതി 23.03.20 8500 |
| | | | ഗുണഭോക്തൃവിഹിതം | 60000 | 0 |
| 4 | കൃഷി ഭവന് ഫർണ്ണിച്ചർ 35/2020 | 100000 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 100000 | 7/2019-20 തീയതി 26.02.20 79104 |
| 5. | കമുകിൻ തൈ | 162000 | വികസനഫണ്ട് | 121500 | 1/2019-20 തീയതി |

| | | | | | |
|---|---|---|---|---|---|
| | വിതരണം 17/2020 | | ജനറൽ | | 21.08.19<br>121500 |
| | | | ഗുണഭോക്തൃവിഹിതം | 40500 | ചെക്ക് നം 2520771<br>തീയതി 5.9.19<br>40500 |

പദ്ധതി മോണിറ്ററിങ്ങ് നടത്തിയതിന്റെ വിവരം പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട മിനുട്സ് പരിശോധിക്കേണ്ടതുണ്ട്. തൻവർഷം നടപ്പാക്കിയ പദ്ധതികളിൽ ഉൾപ്പെടുന്ന നെൽകൃഷി വികസനം, തെങ്ങിന് വളം വിതരണം,കമുകിൻ തൈ വിതരണം,തരിശഭൂമിയിൽ പച്ചക്കറി വികസനം/പാട്ടകൃഷി വികസനം എന്നിവ കൃത്യമായി മോണിറ്ററിങ്ങ് ചെയ്യപ്പെടേണ്ട പദ്ധതികളാണ്. ഇത്തരം പദ്ധതികളിൽ വിത്തുകൾ/ തൈകൾ വിതരണം ചെയ്യതോടുകൂടി പദ്ധതി അവസാനിച്ചതായാണ് വ്യക്തമാവുന്നത്. പദ്ധതികളുടെ യഥാർത്ഥ ലക്ഷ്യമായ ഉല്പാദന വർദ്ധനവ് കൈവരിച്ചിട്ടുണ്ടോ എന്ന വിലയിരുത്തൽ നടത്തിയിട്ടില്ല. 29-1-2018ലെ സ.ഉ (എം എസ്)11/2018/ തസ്വഭവ ഖണ്ഡിക 13 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ടതാണെന്നും മോണിറ്ററിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്നും പ്രാദേശിക മോണിറ്ററിങ്ങിനായി സാമൂഹ്യാധിഷ്ഠിത സംഘടനകളെയും ജനകീയ കൂട്ടായ്മകളെയും ചുമതലപ്പെടുത്താവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2019-20 വർഷം ഇപ്രകാരം കൃഷിയും അനുബന്ധ മേഖലകളും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. കൃഷിയും അനുബന്ധമേഖലയുംസംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് 2019-20 വർഷം ഒരു തവണ(26.12.2019) മാത്രമാണ് ചേർന്നിട്ടുള്ളത്.

<u>അവസ്ഥാരേഖ(സ്റ്റാറ്റസ് റിപ്പോർട്ട്) പ്രകാരമുള്ള ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.</u>

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ (സ. ഉ. (കൈ) നം.11/2018/തസ്വഭവ. തീ.29.01.2018 ) യിലെ 3.1.2(സി) പ്രകാരം അവസ്ഥാരേഖ കാലോചിതമായി പരിഷ്കരിക്കുമ്പോൾ ബന്ധപ്പെട്ട വികസന മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാദ്ധ്യതകളും കണ്ടെത്തി പ്രശ്നപരിഹാര നിർദേശങ്ങൾ രൂപീകരിക്കുകയും വികസനത്തിലെ നിലവിലുള്ള വിടവുകൾ, വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ, അതിന് സ്വീകരിക്കാവുന്ന തന്ത്രം എന്നിവയെല്ലാം ഉൾപ്പെടുത്തണമെന്നും വികസനമേഖലയിലെ ദീർഘകാല ലക്ഷ്യങ്ങൾ അഥവാ കാഴ്ചപ്പാട് വ്യക്തമാക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ അവസ്ഥാരേഖ കൂടി പരിഗണിക്കേണ്ടതാണ്.

## <u>1-26 സമയബന്ധിതമായി മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.</u>

മെഡിക്കൽ ഓഫീസർ- പിഎച്ച്സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രോജക്ടുകളിൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ ₹ | ചെലവ് തുക ₹ | ബിൽ നം മരുന്നിനായി മുൻകൂർ തുക | സ്ഥാപനം | മരുന്ന് ലഭിക്കാനുള്ള ബാക്കി തുക |
|---|---|---|---|---|---|---|
| 49 | സാന്ത്വന പരിചരണ പരിപാടി | 1000000 | 867073 | 14/2019-20<br>തീ 9.10.19<br>246980+<br>299873 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | 1007+<br>6146 |

പാലിയേറ്റീവ് രോഗികൾക്ക് പരിചരണം നല്കുന്നതിനായി ഉപകരണങ്ങൾ ,മരുന്ന് എന്നിവ വാങ്ങുന്നതിനുള്ള മേൽ പ്രോജക്ട് പ്രകാരം 546853 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനു 14.10.2019(246980), 13.03.2020 (299873) തീയതികളിലായി കൈമാറിയിട്ടുണ്ട്. 7153/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ ബാക്കിയുണ്ട്.പ്രസ്തുത തുകയ്ക്കുള്ള മരുന്ന് കൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-27 ആശ്രയ-അഗതി രഹിത കേരളം പദ്ധതി -കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.</u>

സ.ഉ(എം.എസ്)11/2018/തസ്വഭവ തീ. 29.01.2018 ഉത്തരവ് പ്രകാരമുള്ള സബ്സിഡി ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 5.2.1(6) പ്രകാരം അഗതി രഹിത കേരളം പദ്ധതിയ്ക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധമായും തുക വകയിരുത്തൽ വരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് 2019-20 വർഷത്തിൽ പ്രൊജക്ട് നമ്പർ 271/2020 പ്രകാരം 50000 രൂപ(തനത് ഫണ്ട്) വകയിരത്തിയിട്ടുണ്ടെങ്കിലും ചെലവ് ചെയ്തിട്ടില്ല. അഗതി രഹിത പദ്ധതി നടപ്പിലാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

സ.ഉ(എം.എസ്)22/2018/തസ്വഭവ തീ. 29.01.2018 ഉത്തരവ് ഖണ്ഡിക 5.2.1(6) പ്രകാരം അഗതി രഹിത കേരളം പദ്ധതിയ്ക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധമായും തുക വകയിരുത്തേണ്ടതാണ്. ആകെ അടങ്കൽ തുകയുടെ 40% കുടുംബശ്രീ, 35% ഗ്രാമ പഞ്ചായത്ത്, 15% ബ്ലോക്ക് പഞ്ചായത്ത്, 10% ജില്ലാ പഞ്ചായത്ത് എന്ന ക്രമത്തിൽ വകയിരുത്തി പദ്ധതി നടപ്പാക്കേണ്ടതുണ്ട്. എന്നാൽ 2019-20 വർഷത്തിൽ ഇത്തരത്തിൽ അഗതികൾക്കായി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. സ. ഉ(എം.എസ്)252/2017/തസ്വഭവ തീ. 12.12.2017 പ്രകാരം ആശ്രയ പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം (നിലവിൽ അഗതി രഹിത കേരളം പദ്ധതി) ഖ. 4.2.2.1 പ്രകാരം സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭവന രഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവനനിർമ്മാണ സഹായം നൽകിയതിനു ശേഷം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. ഗ്രാമ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ തുക വകയിരുത്തി ഗ്രാമ പഞ്ചായത്തുകൾ പദ്ധതി ഏറ്റെടുത്ത് സമയബന്ധിതമായി പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് വീട് വെച്ച് നൽകേണ്ടതാണ്. ഇതുപോലെ, പദ്ധതിയിലെ ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് നിർമ്മിക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിനു ശേഷം മാത്രമേ ത.സ്വ.ഭ സ്ഥാപനങ്ങൾ മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഗ്രാമപഞ്ചായത്തിൽ നിലവിൽ ആശ്രയലിസ്റ്റിൽ ഉൾപ്പെട്ട 14 ഗുണഭോക്താക്കൾ ഭവനം ആവശ്യമുള്ളവരും നിലവിൽ ഗ്രാമ പഞ്ചായത്തിന്റെ ഭവനനിർമ്മാണ പദ്ധതികളിൽ പരിഗണിക്കപ്പെടാത്തവരുമാണ്.ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | വാർഡ് നം |
|---|---|---|
| 1 | അമ്മുക്കുട്ടി കല്ലുകുന്നേൽ | IV |
| 2 | പാറ്റ കുറവൻ കുടിയൻ | XVII |
| 3 | കമലമ്മ കുന്നേൽ | VI |
| 4 | നാരായണൻ ടി വി | XVII |
| 5 | ലീല അറക്കലെ വളപ്പിൽ | XII |
| 6 | രാമൻ കേരയിൽ | XII |
| 7 | പാറു കെ വി ,കാളാംവളപ്പിൽ | XIV |
| 8 | പാഞ്ചു കല്ലേൻ | XVI |
| 9 | ഭാരതി സി,ചപ്പാടി | XVI |
| 10 | തലക്കോട് പാറ്റ | X |
| 11 | കാഞ്ഞിരാടി ചേരേൻ | XVIII |
| 12 | കാഞ്ഞൻ തെക്കൻ | XVIII |
| 13 | സുമിത്ര മീത്തലെ വളപ്പിൽ | VIII |
| 14 | ഗീത പണ്ണേരി | VIII |

ആശ്രയ ഗുണഭോക്താക്കളെ പദ്ധതി നടത്തിപ്പിൽ പരിഗണിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 ഫർണ്ണിച്ചർ വിതരണം-സ്കൂളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല - 219000/- രൂപ തടസ്സപ്പെടുത്തുന്നു.

ഗവൺമെന്റ് എൽ പി സ്കൂളുകൾ ഹൈടെക്ക് ആക്കി മാറ്റുന്നതിന് ഫർണ്ണിച്ചർ ലഭ്യമാക്കൽ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 23/2020 |
| പ്രൊജക്ടിന്റെ പേര് | ഗവൺമെന്റ് എൽ പി സ്കൂളുകൾ ഹൈടെക്ക് ആക്കി മാറ്റുന്നതിന് ഫർണ്ണിച്ചർ ലഭ്യമാക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| അടങ്കൽ | 497000<br>മെയിന്റനൻസ് (റോഡിതരം) – ₹ 248500<br>ജില്ലാപഞ്ചായത്ത്- ₹198278<br>തനത് ഫണ്ട് – ₹50222 |
| ചെലവ് | 50222(തനത്-ചെക്ക് നം 613 തീയതി 30.03.2020<br>248500(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)<br>ബിൽ നമ്പർ – 02/2019-20 തീയതി 25.02.2020 |
| ആകെ ചെലവ് | 298722 |

ഹെഡ് മാസ്റ്റർ ജി എൽ പി സ്കൂൾ പടപ്പേങ്ങാട് നിർവ്വഹണോദ്യോഗസ്ഥനായി ഗവൺമെന്റ് എൽ പി സ്കൂൾ ഹൈടെക്ക് ആക്കി മാറ്റുന്നതിന് ഫർണ്ണിച്ചർ വിതരണം ചെയ്യുന്ന പദ്ധതിയാണിത്.

ഫിഡ് കോ എന്റർ പ്രൈസസിൽനിന്നും നിന്നും താഴെ കൊടുത്ത പ്രകാരം ഫർണ്ണിച്ചർ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമനം | ഇനം | യൂണിറ്റ് കോസ്റ്റ് | എണ്ണം | ആകെ വില |
|---|---|---|---|---|
| 1 | Steel Wooden Desk | 3312.59 | 30 | 99377.79 |
| 2 | Steel Wooden Bench | 2472.27 | 35 | 86529.45 |
| 3 | Steel Tale | 2472.27 | 12 | 29667.24 |
| 4 | Water Tank | 4993.28 | 2 | 9986.56 |
| 5 | Fiber Chair Armed Nilkamel | 415.13 | 30 | 12453.90 |
| 6 | Steel Shelf | 6505.58 | 2 | 13011.16 |
| | ജി എസ് ടി | | | 45185 |
| | സെസ് | | | 2510.30 |
| ആകെ | | | | 298722 |

ഫർണിച്ചർ വാങ്ങിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മുഴുവനായി വിതരണം നടത്തിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(06-2019-20/21.06.2021) മറുപടിയായി ഇപ്രകാരം ബാക്കി വന്ന ഫർണ്ണിച്ചറുകൾ നിർവ്വഹണോദ്യോഗസ്ഥന്റെ വിദ്യാലയത്തിന് നൽകുകയാണ് ചെയ്തിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥന്റെ സ്കൂളിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ 2,19,000/- രൂപയുടെ ചെലവ് തുക തടസപ്പെടുത്തുന്നു.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | ഇനം | വാങ്ങിയ എണ്ണം | വിതരണം നടത്തിയത് | നീക്കിയിരിപ്പ് | നീക്കിയിരിപ്പുള്ള ഫർണ്ണിച്ചറുകളുടെ വില |
|---|---|---|---|---|---|
| 1 | Steel Wooden | 30 | 8 | 22 | 72876.98 |

| | | | | | |
|---|---|---|---|---|---|
| | Desk | | | | |
| 2 | Steel Wooden Bench | 35 | 8 | 27 | 66751.29 |
| 3 | Steel Tale | 12 | 3 | 9 | 22250.43 |
| 4 | Water Tank | 2 | 1 | 1 | 4993.28 |
| 5 | Fiber Chair Armed Nilkamel | 30 | 20 | 10 | 4151.30 |
| 6 | Steel Shelf | 2 | 0 | 2 | 13011.16 |
| ആകെ | | | | | 184034 |
| ജി എസ് ടി | | | | | 33126 |
| സെസ് | | | | | 1840 |
| ആകെ മൊത്തം | | | | | 219000 |

1-29 സമൃദ്ധി - വായ്പാതിരിച്ചടവ്- മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ | 14 |
| പ്രോജക്ടിന്റെ പേര് | സമൃദ്ധി - വായ്പാതിരിച്ചടവ് |
| വകയിരുത്തിയ തുക | ₹212500 വികസനഫണ്ട് പൊതുവിഭാഗം<br>₹37500 തനത്ഫണ്ട്<br>ആകെ – ₹250000 |
| ചെലവ് തുക / ബിൽ നം, തീയതി | ₹61373 - 6/06.11.19 |

തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ തദ്ദേശസ്ഥാപനങ്ങളിൽ സമൃദ്ധി എന്ന പേരിൽ നടപ്പാക്കിയ സംരംഭകത്വ പ്രോത്സാഹനപദ്ധതിയിലെ ഗുണഭോക്താക്കളിൽ ബേങ്ക് ലോൺ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഒരു വർഷത്തെ ബേങ്ക് പലിശ തിരിച്ചടക്കുന്നതിനായുള്ള പ്രോജക്ടാണിത്. പ്രോജക്ട് പ്രകാരം തടിക്കടവ് സർവ്വീസ് സഹകരണബേങ്ക് (A/C No. 11270200012819) അക്കൗണ്ടിലേക്ക് 32723/- രൂപയും സൗത്ത് ഇന്ത്യൻ ബേങ്ക്( A/C No. 0673256000000017) അക്കൗണ്ടിലേക്ക് 28650/- രൂപയും അടച്ചിട്ടുണ്ട്. തിരിച്ചടച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബേങ്കിന്റെ പേര് | ഗുണഭോക്താവിന്റെ പേര് | വായ്പാതുക | പദ്ധതി പ്രകാരം അടച്ച പലിശ തുക | കാലയളവ് |
|---|---|---|---|---|
| തടിക്കടവ് സർവ്വീസ് സഹകരണബേങ്ക് | അനൂപ് പി കെ | 100000 | 4172 | 01.01.2019 മുതൽ 31.08.2019 വരെ |
| | സുബൈർ പി സി | 500000 | 11043 | 01.01.2019 മുതൽ 31.08.2019 വരെ |

| | | | | |
|---|---|---|---|---|
| | പി ടി രാജു | 100000 | 1625 | 01.02.2019 മുതൽ 31.08.2019 വരെ |
| | സജി ഓതറ | 100000 | 3735 | 01.02.2019 മുതൽ 31.08.2019 വരെ |
| | സോണി കെ പി | 500000 | 12148 | 01.03.2019 മുതൽ 31.08.2019 വരെ |
| | ആകെ | | 32723 | |
| സൗത്ത് ഇന്ത്യൻ ബേങ്ക് | വിൻസെന്റ് ജോസഫ് | 310000 | 28650 | 28.07.2018 മുതൽ 31.08.2019 വരെ |
| | ആകെ | | 61373 | |

ശ്രീ വിൻസെന്റ് ജോസഫ് ഒഴികെയുള്ള മറ്റ് ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടിന്റെ ബേങ്ക് സ്റ്റേറ്റ്മെന്റ് ഫയലിൽ ലഭ്യമല്ല. ലോൺ കൃത്യമായി ഒടുക്കുന്നുണ്ടെന്ന ബേങ്കിന്റെ സാക്ഷ്യപത്രം മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ലോൺ കൃത്യമായി ഒടുക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായും മേൽ ഗുണഭോക്താക്കൾ ആരംഭിച്ച സംരംഭങ്ങളുടേയും അവയുടെ നിലവിലെ അവസ്ഥയും അറിയിക്കുന്നതിനുമായി നൽകിയ അന്വേഷണത്തിന്(7/23.06.2021) ബേങ്കിൽ നിന്നും നൽകുന്ന രേഖകൾ പരിശോധിച്ചതിൻ പ്രകാരമാണ് തുക അനുവദിക്കുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്.എന്നാൽ രേഖകൾ ലഭ്യമാക്കിയിട്ടില്ല. സംരംഭങ്ങളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കിയിട്ടില്ല. കൂടാതെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.ആനുകൂല്യം അനുവദിക്കുന്നതിന് മുൻപ് സംരംഭങ്ങളുടെ നിലവിലെ പ്രവർത്തനം കൂടി നിർവ്വഹണഉദ്യോഗസ്ഥൻ വിലയിരുത്തേണ്ടതാണ്.

## 1-30 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- അക്കൗണ്ടിൽ നിഷ്ക്രിയമായിക്കിടന്നിരുന്ന തുകകൾ തിരിച്ചടച്ചത് -സർക്കാർ നിർദ്ദേശം പാലിച്ചില്ല

തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 30.05.2019 തീയതിയിലെ സി/1008/17 നമ്പർ കത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ വിവിധ അക്കൗണ്ടിൽ നിഷ്ക്രിയമായിക്കിടക്കുന്ന തുകകൾ തിരിച്ചടക്കുന്നതിനായുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ 09.07.2019 തീയതിയിലെ 10/76/2019 നമ്പർ തീരുമാനപ്രകാരം തടിക്കടവ് സർവ്വീസ് സഹകരണബേങ്കിലെ ഇ എം എസ് ഭവനവായ്പ്പാ പദ്ധതിയുടെ 4187 നമ്പർ അക്കൗണ്ടിൽ നിഷ്ക്രിയമായിക്കിടക്കുന്ന 81945/- രൂപ നിലവിലുള്ള വായ്പ്പാ ഇനത്തിൽ തിരിച്ചടക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി തുക തിരിച്ചടച്ചതിന് ശേഷവും നിലവിൽ ഈ അക്കൗണ്ടിൽ 1421/- രൂപ ബാലൻസുണ്ട്. ഇത് കൂടാതെ പദ്ധതി നിർവ്വഹണത്തിനായുള്ള കേരളാ ഗ്രാമീൺ ബേങ്കിലെ 40447100007651 നമ്പർ അക്കൗണ്ടിലെ 608834/- രൂപയും(3/2011 മുതലുള്ള തുകയും തുടർന്ന് ലഭിച്ച പലിശയും ചേർന്നത്) കേരളാ ഗ്രാമീൺ ബേങ്കിലെ TSC യുടെ 40447100005809 നമ്പർ അക്കൗണ്ടിലെ 22300/- രൂപയും 07.11.2019 ന് തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ മേൽ അക്കൗണ്ടുകളിൽ ഇപ്രകാരമുള്ള തുകകളുടെ വിവരങ്ങൾ വാർഷീക ധനകാര്യപത്രികയിലോ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ കാഷ് ബുക്കിലോ രേഖപ്പെടുത്തിയിട്ടില്ല.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗവും അക്കൗണ്ടിംഗും സംബന്ധിച്ച സർക്കാരിന്റെ 12-04-2006തീയതിയിലെ ജി.ഒ(പി)177/2006/ഫിൻ ഉത്തരവ് പ്രകാരം നോൺ ബാങ്കിംഗ് ട്രഷറിയുമായുള്ള ഇടപാടുകൾക്ക് ആരംഭിച്ച ബാങ്ക് അക്കൗണ്ടിലെ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക അതാത് മാസാവസാനം തന്നെ ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട് (ഖണ്ഡിക8.3 കാണുക).എന്നാൽ

ഇപ്രകാരം തിരിച്ചടക്കാതെയും മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് അനുബന്ധം-ബി-VI പ്രകാരമുള്ള രജിസ്റ്ററിലോ കാഷ് ബുക്കിലോ നീക്കിയിരിപ്പ് വിവരം രേഖപ്പെടുത്താതെയും വർഷങ്ങളായി പദ്ധതിപ്പണം സൂക്ഷിച്ച് പിന്നീട് മുകളിൽ സൂചിപ്പിച്ച നിർദ്ദേശപ്രകാരം തിരിച്ചടച്ചതിന്റെ കാരണം കൂടി അറിയിക്കുന്നതിനായും നീക്കിയിരിപ്പുണ്ടായിരുന്ന തുക ഏത് വർഷത്തെ പദ്ധതിപ്പണമായിരുന്നുവെന്ന് വ്യക്തമാക്കുന്നതിനുമായി നൽകിയ അന്വേഷണത്തിന് (4/21.06.2021) മറുപടിയായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പേരിൽ തുടക്കം മുതൽ നിർവ്വഹണ ആവശ്യത്തിനായി കേരളാഗ്രാമീൺ ബേങ്കിലെ മേൽ പറഞ്ഞ രണ്ട് അക്കൗണ്ടും നിലവിലുണ്ടായിരുന്നെന്നും 2009-10 വർഷം നടപ്പാക്കിയ ഇ.എം.എസ് ഭവനപദ്ധതിക്കായി വായ്പ അനുവദിക്കുന്നതിനായാണ് തടിക്കടവ് സർവ്വീസ് ബേങ്ക് അക്കൗണ്ട് ഉപയോഗിച്ചതെന്നും ധനവിനിയോഗത്തിന് ബേങ്കുകളെ ആശ്രയിക്കാതെ ട്രഷറി വഴി നേരിട്ട് ധനവിനിയോഗം നടത്താൻ തുടങ്ങിയതോടെ 2010-11 ശേഷം പ്രസ്തുത ബേങ്ക് അക്കൗണ്ടുകളിലൂടെ ഇടപാടുകൾ നടത്തിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ബേങ്ക് അക്കൗണ്ട് വിവരങ്ങൾ കാഷ്ബുക്കിൽ മുൻകാലങ്ങളിൽ രേഖപ്പെടുത്താത്തതിനാൽ നിലവിലും തൽസ്ഥിതി തുടരുകയാണ്. ഇ എം.എസ് ഭവനപദ്ധതിക്കായി ബേങ്ക് അനുവദിക്കുന്ന വായ്പയുടെ പലിശ ഇനത്തിൽ ഇനിയും തുക ലഭിക്കാനുള്ളതിനാൽ ബേങ്ക് അക്കാണ്ട് സീറോ ബാലൻസ് ആക്കാൻ സാധിക്കാത്തതിനാലാണ് ഭവനവായ്പ അക്കൗണ്ടിൽ 1421/-(മിനിമം ബാലൻസ്+ അതിന്റെ പലിശ) നിലനിർത്തിയതെന്ന് വിഇഒ അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിവരം കാഷ് ബുക്കിലോ വാർഷികധനകാര്യ പത്രികയിലോ രേഖപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 അജൈവമാലിന്യപരിപാലനം പദ്ധതി-ചെലവ് രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ | 15 |
| പ്രോജക്ടിന്റെ പേര് | അജൈവമാലിന്യപരിപാലനം |
| വകയിരുത്തിയ തുക | ₹546000 വികസനഫണ്ട് പൊതുവിഭാഗം |
| ചെലവു തുക<br>ബിൽ നം/ തീയതി | ₹460000<br>(₹60000 3/14.08.2019<br>₹60000 5/6.11.2019<br>₹170000 7/18.01.2020<br>₹170000 8/18.01.2020) |

പ്ലാസ്റ്റിക് ഉൾപ്പെടെ അജൈവമാലിന്യം പഞ്ചായത്തിൽ നിന്നും തരംതിരിച്ച് ശേഖരിക്കുന്നതിനും ബ്ലോക്ക് RRF ന് കൈമാറുന്നതിനും വേണ്ടിയാണ് ഈ പ്രോജക്ട്.ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.08.2019 തീയതിയിലെ 6/90/2019(4) നമ്പർ തീരുമാനപ്രകാരം പ്രോജക്ടിൽ മാറ്റം വരുത്തി ഹരിതകർമ്മസേനയ്ക്ക് 206000 VGF നൽകാനും 340000 രൂപ രണ്ട് ശുചിത്വസംരഭങ്ങൾക്കായി ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രകാരം കുവേരി HKSSSHG , തടിക്കടവ് HKSSSHG എന്നീ രണ്ട് വനിതാസംഘങ്ങൾക്ക് സംരംഭം തുടങ്ങുന്നതിനായി 170000/- രൂപ വീതം ബേക്ക്എൻഡ് സബ്സിഡി അനുവദിച്ചിട്ടുണ്ട്.ബേങ്ക് സെക്രട്ടറിയുടെ സാക്ഷ്യപത്രപ്രകാരം ഇവർക്ക് 30.12.2019 ന് 200000/- രൂപ വീതം ലോൺ അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് പ്രകാരം കാറ്ററിംഗ് യൂണിറ്റ് നടത്തുവാനും കല്ല്യാണം, മാമോദിസ തുടങ്ങിയ ചടങ്ങുകൾക്ക് വേണ്ടി സ്റ്റീൽ പാത്രങ്ങൾ വാടകയ്ക്ക് വിതരണം ചെയ്യുവാനും അതുവഴി ഡിസ്പോസിബിൾ പാത്രങ്ങളുടെ ഉപയോഗം ഒഴിവാക്കി ഹരിതപെരുമാറ്റച്ചട്ടം പ്രോത്സാഹിപ്പിക്കുന്നതിനുമാണ് സംരംഭം കൊണ്ട് ലക്ഷ്യമിടുന്നത് . സ്ഥിരമൂലധനം 144750 രൂപയും പ്രവർത്തനമൂലധനം 55250 രൂപയുമാണ് കണക്കാക്കിയിട്ടുള്ളത്. രണ്ട് സംരംഭങ്ങൾക്ക് വേണ്ടി സംയുക്തമായി പാത്രങ്ങൾ വാങ്ങാൻ തീരുമാനിക്കുകയും കൊട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്റ്റെയ്ൻലെസ്സ് ഹോംവെയർ എന്ന സ്ഥാപനത്തിൽ നിന്നും 220000/- രൂപയുടെ പാത്രങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.പാത്രങ്ങൾ വാങ്ങിയ വകയിൽ ലഭിച്ച ബില്ലിൽ ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ, സ്ഥാപനത്തിന്റെ പേര് എന്നിവ ഉൾപ്പെട്ടിട്ടില്ല.

2.പ്രോജക്ടിന്റെ ഭാഗമായി വിവിധ ആവശ്യങ്ങൾക്കായി തുക വിനിയോഗിച്ചതിന്റെ കണക്കുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും അതിന്റെ ബില്ലുകൾ സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ചെലവുകൾക്ക് സർക്കാർ നിഷ്കർഷിക്കുന്ന വിധത്തിൽ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

## 1-32 ലൈഫ് ഭവനപദ്ധതി -സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ | 276 |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവനനിർമ്മാണം(SO) |
| വകയിരുത്തിയ തുക<br>ആകെ | ₹1400000 സംസ്ഥാനാവിഷ്കൃതം<br>₹125000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹246448 ജില്ലാപഞ്ചായത്ത് വിഹിതം<br>₹2474761 മറ്റുള്ളവ<br>₹4246209 |
| ചെലവു തുക<br>ആകെ | ₹1400000 സംസ്ഥാനാവിഷ്കൃതം<br>₹200000 ജില്ലാപഞ്ചായത്ത് വിഹിതം<br>₹2146209 മറ്റുള്ളവ<br>₹3746209 |

2018-19 വർഷ ലൈഫ് ഭവനപദ്ധതി പൂർത്തീകരിക്കുന്നതിനായുള്ളതാണ് മേൽ പ്രോജക്ട്. ഭവനരഹിതരായ 45 ഗുണഭോക്താക്കൾക്കാണ് പ്രോജക്ട് പ്രകാരം ആകെ ആനുകൂല്യം നൽകിയിട്ടുള്ളത്. ഇതിൽ 16 ഗുണഭോക്താക്കൾക്ക് 2018-19 വർഷവും ബാക്കി 29 പേരിൽ 28 പേർക്ക് 2019-20 വർഷം പണി പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. എന്നാൽ രജിസ്ററർ പരിശോധിച്ചതിൽ നിന്നും ശ്രീ ബിജോമി ജോസ് എന്ന ഗുണഭോക്താവിന് 4ാം ഗഡു തുക അനുവദിച്ചിട്ടില്ല. ടിയാന് ആദ്യ ഗഡുക്കൾ അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഗഡു | തുക | തീയതി |
|---|---|---|
| 1ാം ഗഡു | 40000 | 30.06.2018 |
| 2ാം ഗഡു | 160000 | 11.09.2018 |
| 3ാം ഗഡു | 100000 | 11.01.2019 |

ശ്രീ ബിജോമി ജോസ് എന്ന ലൈഫ് പദ്ധതി ഗുണഭോക്താവിന്റെ വീട് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി / ഘട്ടം അറിയിക്കുന്നതിനായി നൽകിയ അന്വേഷണത്തിന്(3/21.06.2021) മറുപടിയായി നിലവിൽ വീടിന്റെ മേൽക്കൂര നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും ഭവനം വാസയോഗ്യമാക്കുന്നതിനുള്ള തുടർനടപടികൾ ഗുണഭോക്താവ് സ്വീകരിച്ചിട്ടുണ്ടെന്നും പ്രവർത്തികൾ പൂർത്തിയാക്കിയതിന് ശേഷം അവസാനഗഡു തുകയായ 100000/- രൂപ അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-33 അംഗൻവാടികളുടെ ഭൗതീകസാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിൽ ആകെ 38 അംഗൻവാടികളാണുള്ളത്. അവയുടെ ഭൗതീക സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഭൗതീക സാഹചര്യം | അംഗൻവാടികളുടെ എണ്ണം |
|---|---|---|
| 1 | സ്വന്തം കെട്ടിടമില്ലാത്തവ | 7 |
| 2 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 2( 5 എണ്ണം പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു) |
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | 20 |
| 4 | ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്തവ | 38 |
| 5 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | ഇല്ല |
| 6 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 4 |
| 7 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത അംഗൻവാടികളുടെ എണ്ണം | ഇല്ല |

തദ്ദേശസ്വയംഭരണ(ഡിസി) വകുപ്പിന്റെ 3-9-2010 തീയതിയിലെ നമ്പർ 39033/ഡി.സി.2/10/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഇപ്രകാരം 803915/- രൂപ ശേഷിക്കുന്നുണ്ട്. മേൽ നിർദ്ദേശം പാലിക്കുന്നതിലേക്കായി ആയത് ഉപയോഗപ്പെടുത്തുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 പഠനമുറി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.ചെലവ് തുക 150000 രൂപ

തടസപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം 3 പേർക്ക് താഴെ കൊടുത്ത പ്രകാരം അഡ്വാൻസ് നൽകിയിട്ടുണ്ട്.

| ക്രമനം | പ്രോജക്ടിന്റെപേര്<br>പ്രോജക്ട് നം | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ/ തീയതി | തുക കൈപ്പറ്റിയതിന്റെ വിവരം |
|---|---|---|---|---|
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി 2/2020 | ഇ രാമചന്ദ്രൻ | 02/2019- 20-05.03.20 | 50000 |
| 2 | പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് പഠനമുറി 3/2020 | ബിന്ദു രാഘവൻ | 03/2019-20 -26.02.20 | 50000 |
| 3 | പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് പഠനമുറി 3/2020 | സുനിത ബാബു | 03/2019-20-26.02.20 | 50000 |
| ആകെ | | | | 150000 |

സർക്കാർ ഉത്തരവ്(സാധാ) 2636/2018/ത.സ്വ.ഭ.വ 15.10.2018 പ്രകാരം പഠനമുറിയുടെ തറവിസ്തീർണ്ണത്തിന്റെ ഉയർന്ന പരിധി 120 ചതുരശ്ര അടിയാണ്. മേൽ ഗുണഭോക്താക്കൾക്ക് സർക്കാർ നിർദേശം പാലിച്ചാണോ ആനുകൂല്യം നൽകിയിട്ടുള്ളത് എന്ന് പരിശോധിക്കാൻ പുതിയ മുറിനിർമ്മിക്കുന്നതിനായി എടുത്ത പെർമിറ്റ്, വീടിന്റെ പ്ലാൻ എന്നിവയുടെ പകർപ്പ്, പഠനമുറി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ , കെട്ടിടം റീ അസസ്സ് ചെയ്ത് വസ്തു നികുതി പുനർ നിർണ്ണയിച്ചതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-12/25-06-2021)മറുപടി ലഭ്യമാക്കിയിട്ടില്ല.പ്രസ്തുത രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ 150000 രൂപയുടെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-35 ആസ്തി പരിപാലനത്തിലെ വീഴ്ചകൾ

ഗ്രാമപഞ്ചായത്തിലെ ആസ്തികൾ നിർണ്ണയിക്കപ്പെട്ട ഉദ്ദേശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിലും ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെയും വൃക്ഷങ്ങളുടെയും പരിപാലനത്തിൽ വീഴ്ചകളുണ്ടായതായി കാണുന്നു.

## 1-35-1 അഗ്രോക്ലിനിക്ക് കെട്ടിടങ്ങൾ കാർഷികമേഖലയിലെ ആവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നില്ല.

കർഷകർക്ക് മെച്ചപ്പെട്ട സേവനം അവരുടെ വാർഡുകളിൽ തന്നെ ലഭ്യമാക്കുന്നതിനായി കൃഷി വകുപ്പ് വർഷങ്ങൾക്ക് മുൻപ് ആരംഭിച്ച പദ്ധതിയാണ് അഗ്രോക്ലിനിക്കുകൾ.എല്ലാ വാർഡുകളിലും മുൻകൂട്ടി നിശ്ചയിക്കപ്പെട്ട തീയതികളിൽ എല്ലാ മാസവും കൃഷി ഭവൻ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അഗ്രോക്ലിനിക്കുകൾ നടത്തി കർഷകർക്ക് സേവനം പടിവാതിൽക്കൽ തന്നെ നല്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. എന്നാൽ വർഷങ്ങളായി അഗ്രോക്ലിനിക്കുകൾ നടത്താതെ സേവനം കൃഷിഭവനിൽ നിന്ന് തന്നെയാണ് നൽകിവരുന്നത്. അഗ്രോക്ലിനിക്കുകൾക്ക് വേണ്ടി മാത്രമായി ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിൽ 4 കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഇവയിൽ രണ്ടെണ്ണം അംഗനവാടി,വെറ്റിനറി സബ്സെന്റർ കെട്ടിടങ്ങളായി പ്രവർത്തിക്കുന്നതായും രണ്ടെണ്ണം അടഞ്ഞ് കിടക്കുന്നതായും അറിയിക്കുകയുണ്ടായി.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം | നിലവിലെ സ്ഥിതി |
|---|---|---|
| 1 | താഴെ എടക്കോം | അംഗനവാടി കെട്ടിടമായി പ്രവർത്തിക്കുന്നു. |

| | | |
|---|---|---|
| 2 | പടപ്പേങ്ങാട് | വെറ്റിനറി സബ്സെന്ററായി പ്രവർത്തിക്കുന്നു. |
| 3 | കരിവേടൻകുണ്ട് | അടഞ്ഞ് കിടക്കുന്നു. |
| 4 | തേറണ്ടി | അടഞ്ഞ് കിടക്കുന്നു. |

കർഷകക്ഷേമം ലക്ഷ്യമിട്ട് ആരംഭിച്ച അഗ്രോക്ലിനിക്കുകൾ കഴിഞ്ഞ1 0 വർഷത്തിലധികമായി പ്രവർത്തനരഹിതമായിരിക്കുകയാണ്. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളും നിശ്ചയിക്കപ്പെട്ട ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ സാധിക്കാതെ വന്നിരിക്കുകയാണ്. രണ്ട് കെട്ടിടങ്ങൾ വർഷങ്ങളായി അടഞ്ഞ് കിടക്കുന്നതിനാൽ കെട്ടിടത്തിന് സാരമായ കേട് പാടുകൾ സംഭവിച്ച് നശിച്ച് പോകുവാനുമിടയുണ്ട്.അഗ്രോക്ലിനിക്കുകൾ പ്രവർത്തനക്ഷമമാക്കാതെയിരിക്കുന്നത് സംബന്ധിച്ചും ഇതിനായി നിർമ്മിക്കപ്പെട്ട ആസ്തികൾ നിശ്ചയിക്കപ്പെട്ട ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ സാധിക്കാതെ വന്നത് സംബന്ധിച്ചും തുടർ നടപടികൾക്കായി ഭരണസമിതിയുടെയും സർക്കാരിന്റെയും പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-35-2 പുഴപുറമ്പോക്ക് അളന്ന് രേഖപ്പെടുത്തി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴപുറമ്പോക്ക് ഭൂമി അളന്ന് രേഖപ്പെടുത്തി ലഭിക്കുന്നതിന് ജില്ലാ കലക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായതായി കാണുന്നു.ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24-08-2019 തീയതിയിലെ 91/2019 നമ്പർ തീരുമാനപ്രകാരം പഞ്ചായത്തിന്റെ അധീനതയിലുള്ള താഴെ -എടക്കോം പുഴയിൽ നിന്നും സ്വകാര്യ വ്യക്തി അനധികൃതമായി മുറിച്ച മാറ്റിയ 'പുഴമരുത്'" മരം പഞ്ചായത്ത് പിഴ ചുമത്തി ഏറ്റെടുത്ത് ലേലം ചെയ്തതായി കണ്ടു.കേരളാ പഞ്ചായത്ത് രാജ് നിയമം 220(ജി) വകുപ്പ് പ്രകാരം യാതൊരാളും പഞ്ചായത്തിന്റെ അധീനതയിലുള്ള വൃക്ഷം മുറിക്കുകയോ നീക്കം ചെയ്യുകയോ, നശിപ്പിക്കുകയോ വെട്ടുകയോ ചെത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ് എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇത്തരത്തിൽ സ്വകാര്യവ്യക്തികൾ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം കൈയേറുന്നത് തടയുന്നതിന് പുഴപുറമ്പോക്ക് ഭൂമി രേഖപ്പെടുത്തി അതിർത്തി സംരക്ഷണം ഉറപ്പാക്കേണ്ടതാണ്. നിലവിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലങ്ങളിലെ വൃക്ഷങ്ങളുടെ ഇനം തിരിച്ചുള്ള കണക്കുകൾ സംബന്ധിച്ച് വൃക്ഷരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.പുഴപുറമ്പോക്ക് ഉൾപ്പെടെ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ സ്ഥലങ്ങളിലും ഉള്ള വൃക്ഷങ്ങൾക്ക് നമ്പർ രേഖപ്പെടുത്തി വൃക്ഷരജിസ്റ്റർ തയ്യാറാക്കി ആസ്തി പരിപാലിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. അംഗനവാടി കെട്ടിടത്തിന് ഭീഷണിയായതിനാൽ മുറിച്ച് മാറ്റിയ തേക്ക് മരത്തടികൾ ഉൾപ്പെടെയുള്ളവ ലേലം ചെയ്യാതെ കിടക്കുന്നുണ്ട്.ആയത് ലേലം ചെയ്യുന്നതിനും സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-35-3 ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ ഭൂനികുതി അടവാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും നികുതി അടവാക്കി റവന്യൂ രേഖകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-35-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

20.01.2017 തീയതിയിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(കൈ).നം.166/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനം സംബന്ധിച്ച മാന്വൽ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഒരു ആസ്തി പരിപാലന പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. അനുബന്ധം 9 മാതൃകയിൽ സ്ഥാപനം ഒരു ആസ്തി രജിസ്റ്റർ തയ്യാറാക്കി പരിപാലിക്കേണ്ടതുമാണ്. എന്നാൽ മേൽ നടപടി ക്രമങ്ങൾ സ്ഥാപനം നടപ്പാക്കിയതായി കാണുന്നില്ല.ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനം സംബന്ധിച്ച മാന്വലിലെ അഞ്ചാം അധ്യായത്തിൽ ഉപയോഗശൂന്യമായ ആസ്തികൾ സമയബന്ധിതമായി കയ്യൊഴിയണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയത്

പ്രാവർത്തികമാക്കിയതായി കാണുന്നില്ല. കൂടാതെ സ്ഥാപനത്തിലെ ഇലക്ട്രോണിക്/ഫർണ്ണിച്ചർ ആസ്തികൾക്ക് തിരിച്ചറിയൽ നമ്പർ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ ഫോറം 10 ൽ ചേർത്ത് കാലികമാക്കിയിട്ടില്ല.

### 1-36 കുടുബശ്രീ സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് (എസ്.സി.എ ഫണ്ട് )- വിനിയോഗിക്കാതെ മുടങ്ങിക്കിടക്കുന്ന പണം 2,68,354/- രൂപ.

സംസ്ഥാനകുടുംബശ്രീ മിഷൻ അനുവദിച്ച സ്പെഷൽ സെൻട്രൽ അസിസ്റ്റൻസ് (എസ്.സി.എ ഫണ്ട് ) ഫണ്ടിൽ 31-03-2020 തീയതിയിൽ 2,68,354/-രൂപ നീക്കിയിരിപ്പുണ്ട്. സി ഡി എസ് ചെയർ പേഴ്സണന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിൽ കുവേരി സർവീസ് സഹകരണബാങ്കിലെ 6023 നമ്പർ സംയുക്ത അക്കൗണ്ടിൽ നിക്ഷേപിച്ച തുകയിൽ നീക്കിയിരിപ്പുള്ള തുകയും ലഭിച്ച പലിശയും ഉൾപ്പെയുള്ള തുകയാണിത്. 2014-15 സാമ്പത്തികവർഷത്തിലാണ് ഈ ഫണ്ടിൽ നിന്നും അവസാനമായി തുക ചെലവഴിച്ചിട്ടുള്ളത്. കുടുംബശ്രീ മിഷനുമായി ബന്ധപ്പെട്ട് തുക ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കുകയോ അല്ലാത്തപക്ഷം വിനിയോഗിക്കാതെയുള്ള 2,68,354/- രൂപ സർക്കാരിലേക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

### 1-37 പ്രസിഡണ്ടിന്റെ ദുരിതാശ്വാസനിധി-ഫണ്ട് സ്വരൂപിക്കുന്നതിലും ചെലവഴിക്കുന്നതിലും കാര്യക്ഷമതയില്ല.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർദ്ധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി ഗ്രാമ പഞ്ചായത്തിൽ പ്രസിഡന്റിന്റെ പേരിൽ കുവേരി സർവ്വീസ് സഹകരണ ബാങ്കിൽ 6321 നമ്പറിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ടിൽ 2019-20 ൽ ദുരിതാശ്വാസനിധിയിനത്തിൽ 6500/-രൂപയും പലിശയിനത്തിൽ 275 രൂപയും ഉൾപ്പെടെ 6775/- രൂപയാണ് വരവ്. ദുരിതാശ്വാസനിധിയിൽ തൻവർഷം ചെലവ് നടത്തിയിട്ടില്ല.31-03-2020 ൽ പ്രസ്തുത അക്കൗണ്ടിൽ 8692/-രൂപ നീക്കിയിരിപ്പുണ്ട്. വളരെ നാമമാത്രമായ തുകയാണ് ദുരിതാശ്വാസഫണ്ടിൽ നീക്കിയിപ്പുള്ളത്. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ പ്രസിഡണ്ടിന്റെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവനകൾ (Cash Or Kind) സ്വീകരിക്കുന്നത് കാര്യക്ഷമമാക്കേണ്ടതുണ്ട്. വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിച്ച് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി കാര്യക്ഷമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | കണക്കുകൾ പരിശോധിച്ച തീയതി | |
| 2019-20 | 23.06.21മുതൽ 24.06.21 വരെ | വാർഷികകണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു. |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത്,കണ്ണൂർ | 2019-20 | 480000 | ലൈഫ് - ഭവനനിർമ്മാണം (പ്രോജക്ട് നമ്പർ-85/20) | 480000 | 0 |
| | | 200000 | ലൈഫ് - ഭവനനിർമ്മാണം (പ്രോജക്ട് നമ്പർ-276/20) | 200000 | 0 |
| | | 8500 | തരിശുഭൂമിയിൽ പച്ചക്കറി / പാട്ടകൃഷി (പ്രോജക്ട് നമ്പർ-38/20) | 8500 | 0 |
| | | 85000 | നെൽകൃഷിവികസനം (പ്രോജക്ട് നമ്പർ-08/20) | 85000 | 0 |
| | | 299873 | സാന്ത്വനപരിചരണപരിപാടി (പ്രോജക്ട് നമ്പർ-99/20) | 299873 | 0 |
| ബ്ലോക്ക് പഞ്ചായത്ത്,തളിപ്പറമ്പ | 2019-20 | 198000 | ലൈഫ് - ഭവനനിർമ്മാണം (പ്രോജക്ട് നമ്പർ-85/20) | 198000 | 0 |
| | | 8500 | തരിശുഭൂമിയിൽ പച്ചക്കറി / പാട്ടകൃഷി (പ്രോജക്ട് നമ്പർ-38/20) | 8500 | 0 |
| | | 42500 | നെൽകൃഷിവികസനം (പ്രോജക്ട് നമ്പർ-08/20) | 42500 | 0 |
| | | 180000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രോജക്ട് നമ്പർ-31/20) | 180000 | 0 |
| | | 150311 | പഞ്ചായത്ത് ശ്മശാനം-ചൂളനിർമ്മാണം (പ്രോജക്ട് നമ്പർ-170/20) | 150311 | 0 |
| | | 452248 | മണാട്ടി വയോജനസംഗമകേന്ദ്രം-കെട്ടിടനിർമ്മാണം (പ്രോജക്ട് നമ്പർ-171/20) | 452248 | 0 |

സംയുക്ത പദ്ധതികൾക്കായി ലഭിക്കുന്ന ഫണ്ടിൽ വിനിയോഗിക്കാതെ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക അതാത് ഹെഡുകളിൽ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ വായ്പ / വായ്പ തിരിച്ചടവിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്, ഉദ്ദേശ്യം, ഉത്തരവ് നമ്പർ | സർക്കാർ ഉത്തരവ് നം. തീയതി | സർക്കാർ അനുമതി ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ച തുക | ആകെ വായ്പ തുക | ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പ | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ തുക |
|---|---|---|---|---|---|---|---|---|
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ (സാ) 317/2010 തീയതി 26-01-2010 | 17001000 | 379925 | 0 | 379925 | 379925 | 0 | 0 |
| കെ.യു.ആർ. ഡി.എഫ്.സി | ജി.ഒ (എം.എസ്) നം.124/ 2018/ എൽ എസ് ജി ഡി തീയതി 11-09-2018 | 10150000 | 6633791 | 3516209 | 10150000 | 617647 | 0 | 9532353 |

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് താഴെ പറയും പ്രകാരം 10412500രൂപയുടെ സ്ഥിരനിക്ഷേപമുണ്ട്.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000000 |
| തൻവർഷം നിക്ഷേപിച്ച തുക | 5412500* |
| ആകെ | 10412500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10412500 |

*(തൻവർഷനിക്ഷേപം 50,00,000 രൂപ + മുൻ നിക്ഷേപത്തിന്റെ പലിശ 412500 )

<u>വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമനം. | നിക്ഷേപത്തിന്റെ വിവരം | തുക | കാലാവധി തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | നം.7261/29-04-2019 (W.E.F 16-04-2019) കുവേരി സർവീസ് സഹകരണബാങ്ക് ലി.നം.സി 65<br><br>പലിശ നിരക്ക് 8.25% | 5412500 | 16-04-2020 | 17-04-20 ന് ((W.E.F 16-04-2020) 58,59,031 രൂപയായി പുതുക്കിയിട്ടുണ്ട്. (പലിശനിരക്ക് 7.75%)<br><br>16-04-21 ന് 6313106 രൂപയായി വീണ്ടും പുതുക്കിയിട്ടുണ്ട്.പലിശനിരക്ക് 6.75%,കാലാവധി തീയതി 16-04-2022 |
| 2 | 005001000822/01-01-2020<br><br>പലിശനിരക്ക് 7.75% | 5000000 | 01-01-2021 | 05-01-21 തീയതിയിൽ (W.E.F 01-01-21) 53,87,500/- രൂപയായി പുതുക്കിയിട്ടുണ്ട്.കാലാവധി തീയതി 01-01-22,പലിശനിരക്ക് 7.25% |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3.13.2 | 1999-2000 | 11 | ഓട്ടോറിക്ഷ വാങ്ങൽ | പരാമർശം നിലനിൽക്കുന്നു. |
| ----ടി---- | 3.13.3 | ----ടി---- | 16 | കൺവീനർമാരുടെ കമ്മീഷൻ | ------ടി------ |
| 2004-05 | | 2001-02 | 8 | മരാമത്ത് പണി-രേഖയില്ലാത്ത ചെലവ് | ------ടി------ |
| 2005-06 | 2.90.1 | 2000-01 | 3-6 | മുൻകൂർ കൈപ്പറ്റി-പദ്ധതി നടപ്പിലാക്കിയില്ല | ------ടി------ |
| ---ടി--- | 2.90.2 | 1999-2000 | 3-4 | കലുങ്ക് പണി -കൺവീനർക്ക് അധികം തുക | ------ടി------ |
| | | 2011-12 | 2-1 | ഗ്രാമസഭ-പൊതു അവലോകനം | ------ടി------ |
| 2016-17 | 2 | 2014-15, | 2-1 | തൊഴിൽനികുതി- | ------ടി------ |

| | | | | | |
|---|---|---|---|---|---|
| | | 2015-16 | 2-2 | പരാമർശങ്ങൾ | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 78176274 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 78074852 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 30880 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 512500 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേര് |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-19 | --- | --- | ശ്രീ ഹരിദാസ്.കെ.വി,സെക്രട്ടറി ₹13375 |
| ആകെ | --- | --- | ₹13375 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 143500 | ശ്രീ ഹരിദാസ്.കെ.വി,സെക്രട്ടറി,<br>ശ്രീ .ഉമ്മർ.പി,സെക്രട്ടറി-ഇൻ ചാർജ്ജ് |
| 1-28 | 219000 | ശ്രീ. ജനാർദ്ദനൻ എം.വി., ഹെഡ്മാസ്റ്റർ,<br>ഗവഃ എൽ.പി. സ്കൂൾ പടപ്പേങ്ങാട് |
| 1-34 | 150000 | ശ്രീ.ഉമ്മർ.പി,അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 512500 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 2995 | ശ്രീ .ഉമ്മർ.പി,സെക്രട്ടറി-ഇൻ ചാർജ്ജ് |
| 1-18 | 14510 | ശ്രീ .ഉമ്മർ.പി,സെക്രട്ടറി-ഇൻ ചാർജ്ജ് |
| ആകെ | 17505 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഹരിദാസ്.കെ.വി, സെക്രട്ടറി. | അസിസ്റ്റന്റ് ഡയരക്ടർ ഓഫ് പഞ്ചായത്ത്, തൃശ്ശൂർ ജില്ല. | കണിച്ചേരി വീട്ടിൽ,നടുവിൽ(പി.ഒ), നടുവിൽ,കണ്ണൂർ (ജില്ല) |
| ശ്രീ ഉമ്മർ.പി, സെക്രട്ടറി. | അസിസ്റ്റന്റ് സെക്രട്ടറി,ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് (അവധിയിൽ) | നസീബ മൻസിൽ, കരിമ്പം(പി.ഒ), തളിപ്പറമ്പ. |
| ശ്രീ. എം.വി. ജനാർദ്ദനൻ, ഹെഡ്മാസ്റ്റർ | വിരമിച്ചു | നിടിയേങ്ങ പി.ഒ., ശ്രീകണ്ഠാപുരം വഴി, കണ്ണൂർ ജില്ല. |

(എഫ് )ഓഡിറ്റ് എൻക്വയറികൾ പ്രകാരം തിരിച്ചടച്ച തുകകളുടെ വിവരം.

| എൻക്വയറി നമ്പർ | വിഷയം | അടവാക്കിയ തുക | രസീത് നം.തീയതി,അടവാക്കിയ വ്യക്തിയുടെ പേര് |
|---|---|---|---|
| 11/25-06-21 | വിവിധ പ്രവൃത്തികൾക്ക് അധിക തുക നൽകി | 1215 | 121030100611/25-06-21 അനിൽകുമാർ.പി.ബി |
| 11/25-06-21 | ---ടി---- | 1494 | 121030100610/25-06-21, പി.പി.ബാലകൃഷ്ണൻ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 (പദ്ധതിവിഹിതം) | കെ എസ് എ /കെ എൻ ആർ/സി 13-756/19 തീയതി 14.06.19 | 1 |
| 1999-2000 | -----ടി---- | 1 |
| 2000-01 | -----ടി---- | 1 |
| 2002-03 | -----ടി---- | 1 |
| | | |

| | | |
|---|---|---|
| 2009-10,<br>2010-11 | -----ടി---- | 3 |
| 2011-12<br>2012-13 | -----ടി---- | 7 |
| 2013-14<br>2014-15 | -----ടി---- | 11 |
| 2015-16 | -----ടി---- | 11 |
| 2016-17 | -----ടി---- | 9 |
| 2017-18 | കെ എസ് എ /കെ എൻ ആർ/സി 13-992/18 തീയതി 05.07.19 | 21 |
| 2018-19 | കെ എസ് എ /കെ എൻ ആർ/സി 13-34/21 തീയതി 04-02-21 | 7 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>Annex3-1</u>

<u>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</u>

| | | | |
|---|---|---|---|
| CHAPPARAPPADAVU GRMAPANCHAYATH<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 37251373 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1216680 |
| 130000000 | Rental income from Panchayat Properties | RP-3 | 3750 |
| 140000000 | Fees & User Charges | RP-4 | 748774 |
| 150000000 | Sale & Hire Charges | RP-5 | 197303 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 62269089 |
| 171000000 | Interest Earned | RP-9 | 424818 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4100823 |
| 350000000 | Other Liabilities | RP-36 | 487667 |
| | Non Operating | | |
| 180000000 | Other Income | RP-10 | 0 |
| 310000000 | Panchayat Fund | RP-28 | 0.0 |
| 311000000 | Earmarked Funds | RP-29 | 7905 |
| 330000000 | Secured Loans | RP-32 | 3516209 |
| 340000000 | Deposits Received | RP-34 | 147420 |
| 350000000 | Other Liabilities | RP-36 | 285398 |
| 410000000 | Fixed Assets | RP-38 | 66400 |
| 431000000 | Sundry Debtors (Receivables) | RP-43 | 4677038 |
| 460000000 | Loans, Advances and Deposits | RP-47 | 27000 |
| | Grand total | | 115427647 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4916164 |
| 220000000 | Administrative Expenses | RP-12 | 1366987 |
| 230000000 | Operations & Maintenance | RP-13 | 1716626 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4707735 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 16544089 |
| | | | |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1648090 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 740040 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 951120 |
| 255000000 | Maintenance Projects | RP-20 | 19869239 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 0 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 0 |
| 280000000 | Prior Period item | RP-26 | (-) 20157 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 83349 |
| 350000000 | Other Liabilities | RP-36 | 4610266 |
| NONOPERATING | | | |
| 240000000 | Interest & Finance Charges | RP-14 | 1212 |
| 280000000 | Prior Period Items | RP-26 | (-) 6670 |
| 340000000 | Deposits Received | RP-34 | 52300 |
| 350000000 | Other Liabilities | RP-36 | 1765985 |
| 410000000 | Fixed Assets | RP-38 | 4011261 |
| 412000000 | Capital work in Progress | RP-40 | 8916529 |
| 420000000 | Investments | RP-41 | 5000000 |
| 460000000 | Loans, Advances and Deposits | RP-47 | 1200687 |
| | | | |
| Bank | Bank | RP-40(b) | 37349600 |
| Cash | Cash | RP-40(b) | 3195 |
| | GRANT TOTAL | | 115427647 |

## Annex3-2

## ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| CHAPPARAPPADAVU GRMA PANCHAYATH<br>INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5622607 |
| 130000000 | Rental Income from Panchayat Properties | I-3 | 261834 |
| 140000000 | Fee & User Charges | I-4(b) | 1138424 |
| 150000000 | Sale & Hire Charges | I-5(b) | 197303 |
| | | | |

| | | | |
|---|---|---|---|
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 103005883 |
| 17000000 | Income from Investments | I-7 | 412500 |
| 171000000 | Interest Earned | I-8 | 424818 |
| 180000000 | Other Income | I-9 | 0 |
| | Total Income | | 111063369 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11210371 |
| 220000000 | Administrative Expenses | I-11(b) | 1366987 |
| 230000000 | Operations & Maintenance | I-12(b) | 1716626 |
| 240000000 | Interest & Finance Charges | I-13 | 1212 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4780439 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 39816862 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1575386 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 740040 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 16877520 |
| 255000000 | Maintenance Projects | I-14(e) | 19869239 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 0 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0 |
| 270000000 | Provisions and Write off | I-16 | 0 |
| 272000000 | Depreciation | I-17(a) | 7681928 |
| | Total Expenditure | | 105636610 |
| | Gross Surplus/ Deficit of income over Expenditure | | 5426759 |
| 280000000 | Prior Period Item | I-18 | 1700241 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3726518 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## Annex3-3

## ബാലൻസ് ഷീറ്റ്

| CHAPPARAPPADAVU GRMA PANCHAYATH BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule | Amount |

| | | | |
|---|---|---|---|
| | | No | |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 29708962.35 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 9822 |
| 312000000 | Reserves | B-3 | 68662111 |
| | Total Reserve & Surplus | | 98380895.35 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5903026 |
| | Total Grants, Contributions for Specific Purposes | | 5903026 |
| | Loans | | |
| 330000000 | Secured Loans | B-5 | 10529925 |
| | Total Loans | | 10529925 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1677041 |
| 350000000 | Other Liabilities | B-9 | 1337064.5 |
| | Total Current Liabilities and Provisions | | 3014105.5 |
| | TOTAL LIABILITIES | | 117827951.85 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 113105098 |
| 411000000 | Accumulated Depreciation | B-11 | -51436420 |
| 412000000 | Capital Work in Progress | B-11(a) | 7163420 |
| | Total Fixed Assets | | 68832098 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 10412500 |
| | Total Investments | | 10412500 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 359554.85 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 379925 |
| 450000000 | Cash and Bank Balance | B-17 | 37352795 |
| 460000000 | Loans, Advances and Deposits | B-18 | 491079 |
| | Total Current Assets, Loans and Advances | | 38583353.85 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 117827951.85 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.